അഹം ബ്രഹ്മേതി നിശ്ചിത്യ
അഹംഭാവം പരിത്യജ

# ശ്രീധരബോധാമൃതം


പ്രസാധകർ:

**ശ്രീധരദേശം ട്രസ്റ്റ്**

ഗോവിന്ദമുട്ടം P.O., പുതുപ്പള്ളി,

കായംകുളം.

ॐ

# ശ്രീധരബോധാമൃതം

പ്രസാധകർ:

**ശ്രീധരദേശം ട്രസ്റ്റ്**

ഗോവിന്ദമുട്ടം P.O., പുതുപ്പള്ളി,

കായംകുളം,

Malayalam

SREEDHARA BODHAMRTHAM

Author:

SADHU SREEDHARAN

Published by:

SREEDHARA DESAM TRUST
Govindamuttom. P. O.,
Puthuppally, Kayamkulam

Printed at:

A. B. Press
Chengannur
Phone: 2636

Copies 500

Copyright Reserved

19 - 5 - 1995.

Phone : 3465 Kayamkulam



ഓം

ശ്രീഗുരവേ നമഃ

# ശ്രീധരബോധാമൃതം

ഓം പണ്ടുപണ്ടേക്കാലത്തേ
ഉണ്ടായിരുന്നോരുശ്രീധരൻ
അവനുംബ്രഹ്മവുമൊന്നെന്ന്
പണ്ടേ ചൊല്ലുന്നുണ്ടിതവൻസദാ

പിന്നെപിന്നോരുകാലത്തും
ഉണ്ടായിരുന്നിതാ ശ്രീധരൻ
അവനും ബ്രഹ്മവുമൊന്നെന്ന്
ചൊല്ലീട്ടുണ്ടവനും സദാ

ഇന്നലെ ഇന്നലെ കാലത്തും
ഉണ്ടായിരുന്നിതാ ശ്രീധരൻ
അവനും ബ്രഹ്മവുമൊന്നെന്ന്
അവനും ചൊല്ലിയിതുസർവദാ

ഇന്നും കാണാറുള്ളോരു ശ്രീധരൻ
അവനും ബ്രഹ്മവുമൊന്നെന്ന്
അവനും ചൊല്ലുന്നു സർവദാ
ഇതെന്തോരുകൃതിയതെന്നവൻ
ചോദിച്ചനേരത്തവൻചൊന്ന
മൊഴികളവ കേൾക്കണോ

ആത്മാ ശ്രീധരാ നീ ഇല്ലേൽ
മായപോകില്ലൊരിക്കലും
മായഎൻശക്തിഎന്നോടൊത്തു്
ആദിയിലേ ഉള്ളതാണെടോ

അതുപോക്കവതാത്മാവത്രേ
ആത്മാതൻമുന്നിൽ മായയതെ
രിഞ്ഞുപോകുവതുണ്ടല്ലോ
അതെരിക്കും ബ്രഹ്മമതു്
ആത്മാവെന്നു ചൊല്ലുവേൻ

ബ്രഹ്മത്തിന്നു മായപോക്കിട്ടു്
കാര്യമെന്തോന്നുചെയ്യുവാൻ
ആത്മാ ആത്മാവതായ്നില്പാൻ
മായപോക്കീട്ടു നില്ക്കണം.

കാലകാലൻ മഹേശ്വരൻ
കാലംപോക്കിയതോക്കണം
കാലംപോക്കേണമെന്നാകിൽ
ജ്ഞാനരശ്മിയതുജ്ജ്വലിക്കണം
ആ രശ്മി അതിലെരിയും
മായയെന്നല്ല സർവ്വവും
കാലമെന്നല്ല സർവ്വവും

## ഓം
## ശ്രീഗുരവേ നമഃ

പാവമായ് പാവമായ്
പാവമായ് ഞാൻ
പാപമററിട്ടങ്ങു
പാവനനായ്
പാപംപോലുമില്ലാ
പാവമായ് ഞാൻ

ആത്മാവിലൊന്നുമേ
പററുകില്ലാ
ആത്മാപരിപൂത
ബ്രഹ്മമല്ലേ

എന്തിനായീലോകേ
വന്നു പാവം
പാപംപുരട്ടുവാൻ
സാദ്ധ്യമല്ലേൽ
നാട്ടിലിരുപ്പതു
സാദ്ധ്യമാമോ

ഓം
## ശ്രീഗുരവേ നമഃ

അഴികഴികമനമേ
ആത്മാനിനക്കില്ലാ
അഭാവവസ്തുവായ്
സമാന്തരനിലയെടുത്തു്
ആകാശമതിൽനില്ക്കും
നീലനിറത്തേപോലെ
എവിടേയും കണ്ടെന്നാലും
ഉണ്മയായാരുകാണും
ഹംസങ്ങളുടെലോകേ
കാക്കവന്നിറങ്ങിയാൽ
പച്ചീക്കപ്പെട്ടുകല്ലാതെ
ആരുതാൻ വാഴ്ത്തുംനിന്നെ
ഇല്ലായ്മപോലുമല്ലാ
ഉണ്മയുമല്ലെയല്ലോ

ഇരുട്ടതിൽനിഴൽപോൽ
നിന്നു നീ ശിശുക്കളെവലയ്ക്കുന്ന
പിശാചുപോൽ
ശിശുക്കളെ വിരട്ടുന്ന
പിശാചേ! മായബീജമേ!
മാനസമഹാമാരീ!
ഇല്ലാത്തനിൻവടിവത്രേ
ലോകമെന്നറിഞ്ഞാലും.
മഹേശനോ നാരായണനോ
ബ്രഹ്മനോ അല്ലനിൻ സ്രഷ്ടാവ്
ബോധമങ്ങലിൽ കിളിക്കും
വ്യാധി രൂപമേ മഹാമായേ
ഘോരാന്ധകാരേകാളരാത്രീ
നിന്നെ ധ്വംസിച്ചവനാരാനു
മുണ്ടെന്നാകിൽ അവനത്രേ
സാക്ഷാലാത്മാ അവനത്രേ
ആത്മപ്രഭാകരൻ.
അവനെ ആരുംവണങ്ങേണ്ടാ
അവനായങ്ങനിലകൊൾക
ബ്രഹ്മൈവാഹമസ്മി
ഓം തത്സത്

## ഓം
## ശ്രീ ഗുരവേ നമഃ

എന്തിനീലോകം പടുത്തുഭഗവാനേ
സങ്കല്പജാലവിശാലതയല്ലാതെ
ലോകമെന്നോതുവാൻ
എന്തുണ്ടുനിൻമുന്നിൽ

ആലോചിച്ചീടാതെ
ചോദിപ്പതെന്തു നീ?

ശ്രീരാമൻ ചോദിച്ചൂ
ദുരിതപരിഹാരം
ശ്രീഅഗസ്ത്യൻ പറഞ്ഞു
ശ്രീശങ്കരം പ്രാർത്ഥിക്കാൻ

അടികൊള്ളും നൊമ്പലം
ദുഃഖം പൊടിക്കുഞ്ഞു്
അടികൊള്ളാവഴിയതു
തേടിയില്ലാ ഭഗവാനേ

ദേഹമോ ജഡമതു്
ആത്മാപൂർണ്ണചൈതന്യം
ഇതിലെവിടെനൊമ്പലം
ഒളിവായൊതുങ്ങുന്നു

ഈവിധം കൃതിഒപ്പിച്ച
ഇല്ലാലോകംകാട്ടലോ?
ഹരിചന്ദ്രനാടകംകണ്ടാൽ
കരഞ്ഞുപോം മനുഷ്യരേവരും
അതൊട്ടുസത്യമല്ലല്ലോ
എന്നതങ്ങറിഞ്ഞിട്ടും
കരഞ്ഞീടുന്നതെന്തിനു്?

അതുമൊരുരസംകുഞ്ഞേ
ലോകമതുകാണുവതും
ഇല്ലാലോകം കാണുവതോ
അതിലുമത്ഭുതമല്ലയോ
അങ്ങനങ്ങുപറഞ്ഞാണോ
ശരിയതുകാട്ടുവതു്?

ഉപ്പുലായിനിജലം
വററിതീന്നാൽ ജല
മില്ലേലും ഉപ്പുബാക്കി
യതുകാണുമ്പോലല്ലാ
തനിജലമതാംവെള്ളം
വററിതീന്നെന്നുവന്നാൽ
ബാക്കികാണില്ല ഒന്നുമേ
അതുപോൽയാതൊന്നു
തീന്നെന്നാൽബാക്കി
ഒന്നുമതില്ലാതിരിക്കുമോ
ആയപോൽസങ്കല്പ
മററെന്നുവന്നീടിൽ
ബാക്കികാണില്ലാ
ഇക്കാണും ലോകമാകവേ

ഓം
ശ്രീഗുരവേനമഃ

നിർമ്മല നിർമ്മല നിർമ്മലലോകേ
ശാന്തിപ്രസരണമാകെകളിക്കേ
കണ്ടോ നീ നിർമ്മലശ്രീധരദേശം
അവിടെകളിച്ചെന്നാൽ കളിപോലുമില്ലെടോ

അതുപറയാമതുപറയാമതുപറയാം ഞാൻ
നിർമ്മലം നിർമ്മലമതാകണമെങ്കിൽ
കരടുകളെല്ലാമേ ഒഴിയണംകുഞ്ഞേ
കരടററനിർമ്മലമേ നിർമ്മലമതാവൂ

കരടെല്ലാംപോയെന്നാൽ
കണികാണുവതെന്തേ
പരമോന്നതപരിശോഭിത
പരമപ്രകാശം

കിലുകിലാരബോധാരമൊഴിഞ്ഞു
നിർമ്മലനിർവികാരവിഹായസുതെളിഞ്ഞു
ഇവിടമോ ശ്രീധരദേശംപര
മോന്നതപരിപാവനദേശം

നിർമ്മലമവിടെത്തിയാൽ
പ്രഭയവിടെനിലയ്ക്കും
ഉണ്മഉടലെടുത്തെന്നാൽ
ബോധമങ്ങുണരുമേ
ബോധമതുണർന്നെന്നാൽ
എത്തുപെട്ടുപോമാത്മാവ്
കാലമങ്ങവിടില്ലാ
ദേശവുമില്ലവിടെ
ശ്രീധരനവശേഷിപ്പൂ,
ഒരു കുഞ്ഞുദാ ആ
ഇരുട്ടറയിൽ കുററാ
കുററിരുട്ടതിലിരിക്കുന്നു
ഘോരാന്ധകാരമല്ലാ
തവനെന്തേകാണുവാൻ

കുഞ്ഞവനുറങ്ങിയാൽ
എന്തെല്ലാം മാഞ്ഞുപോകും
മാഞ്ഞവ ഉണ്ടെന്നതും
മാഞ്ഞതു മറിയാതെ
കുഞ്ഞിനെ ഉണർത്താതെ
എന്തെല്ലാം സൂക്ഷിക്കുന്നു.
പിന്നെയും മായാനുണ്ടേ
മായയു മതിലങ്ങുണ്ടേ

ബോധമതു നിത്യമാണേ
ബോധമേനിത്യമുള്ള
ബോധമതു മായുകില്ലാ
ബോധമക്കേടതു മായണേ

മായയതുമായണേ
ബോധമതുമറഞ്ഞെന്നാൽ
ബോധക്കേടെന്നതോക്ണം.

ഓം
## ശ്രീ ഗുരവേനമഃ

ബ്രഹ്മമേ നിന്നെ ഞാൻ
ഞാനായികാണുമ്പോഴം
ഞാനെങ്ങനാണെന്ന
തൊന്നുപറയാമോ.

ഞാനായനിന്നെഞാൻ
ഞാനായികാണുമ്പോഴം
കാണുന്നതാരെന്ന
തൊന്നുപറയുമോ.
മനമേനീയൊന്നുമേ
ചിന്തിക്കാതിരുന്നെന്നാൽ
എങ്ങനിരിക്കുമെന്നൊ
ന്നുപറയാമോ

നീയില്ലേൽ പിന്നെ നീ
ഉണ്ടാവതെങ്ങിനെ
വാസനയില്ലാതെവാസന
നില്പതതെങ്ങിനെ
പിന്നെ അതുണ്ടാവതെ
ങ്ങിനെ എന്നുംപറയണേ.

ഇരുട്ടേ നീ ഇരുട്ടതിൽ
നിദ്രപ്രാപിച്ചെന്നാൽ
അത്രക്കിരുട്ടമറ്റെവിടെകാണും
അന്നുനീചത്തെന്നാൽ
ഇരുട്ടാണോപ്രഭയോണോ
സത്യം പറയണേ.

ഓം

ശ്രീ ഗുരവേനമഃ

# ശ്രീധരബോധാമൃതം.

ശ്രീധരബോധാമൃതം ആസ്വാദ്യമായ പഠനവിഷയമാണ്. അതിനെ വേണ്ടവിധം സ്വയം സമാധാനമായി ചർച്ചചെയ്ത് ആസ്വദിക്കണം. വിശദം വിശദമായി ഞാൻ പറഞ്ഞുനോക്കാം.

ലോകാവതരണ കാലത്ത്, ഓങ്കാരത്തെ വൈകാരികഭാവം - ഊർജ്ജം - ആസ്വദിച്ചപ്പോൾ ആകാശഭാവമറിവുററു. അങ്ങനെ ഭൂതാവിർഭാവവും ഊർജ്ജവും അറിവുററുടലെടുത്തു. പിന്നീടടുത്തടുത്ത ഭൂതനിർമ്മിതിയായി ഇങ്ങനെ ഭൂതങ്ങളഞ്ചും ഗുണങ്ങളും സങ്കല്പമാത്രേണ ഉടലെടുത്തു.

ശബ്ദത്തിന്നാകാശേപ്രവേശനമുണ്ട്. ആകാശത്തിൽ ശബ്ദം നിലനില്ക്കും. ശബ്ദത്തിന്നും ആകാശത്തിന്നും വായുവിൽപ്രവേശനമുണ്ട്. ശബ്ദം വായുവിലും കേൾക്കപ്പെടും. ആകാശം വായുവിൽ ഊട്ടുരുവേ നിറവുററുനില്ക്കുന്നു. വായുവിന് ആകാശേ പറയത്തക്ക സ്വാതന്ത്ര്യമൊന്നുമില്ല. എന്നാൽ ശബ്ദത്തിൽ വികസനവിപുലീകരണ ശേഷി കാട്ടുന്നുമുണ്ട്. ശബ്ദം ആകാശത്തിന്റെ സൂക്ഷ്മവൈകാരികഭാവമാണുതാനും. ഇവിടൊക്കെവന്നപ്പോൾ ഇതിനു മുമ്പുള്ള ചില അനുഭവങ്ങൾക്ക് ചില വ്യതിയാനങ്ങൾ വന്നുകൂടുന്നുമുണ്ട്. ആകാശത്തെ സ്തബ്ധമാക്കി വായുമററെല്ലാഭൂതങ്ങളിലും ഒരധിപതിഭാവമെടുത്തു കാട്ടുന്നുണ്ട്.

ഇതിനു് ശാസ്ത്രസമ്മതവുമുണ്ടു്. മുഖ്യപ്രാണൻെറ വൈശിഷ്ട്യശാസ്ത്രവിസ്താരം ഇതു് തെളിച്ചുകാട്ടുന്നുണ്ടു്. സർവസൂക്ഷ്മസ്വരൂപിയായ മനസ്സു്, തനിസത്വാംശംതന്നെ ആയിട്ടും പ്രാണൻെറ ആധിപത്യം സമ്മതിക്കുന്നുണ്ടു്. പ്രാണൻ ശരീരം വിട്ടാൽ ഇന്ദ്രിയങ്ങളും മനസ്സും ഉപപ്രാണന്മാരും കൂടവിടുന്നുണ്ടു്. മാത്രമല്ലാ പുരുഷൻെറപരമപ്രധാനമായ ജീവൻപോലും പ്രാണനിലെ മുഖ്യപ്രാണനെഅനുഗമിക്കുന്നു. വായുതൻെറ സ്വഭാവം തന്നെ ആയസ്പർശനേന എല്ലാഭൂതങ്ങളിലും സ്വച്ഛന്ദം വ്യാപരിക്കുന്നുണ്ടു്. ആകാശത്തിനു് സ്പർശവിധേയത്വമില്ലാ. ഇവിടെ എത്തുമ്പോഠം മറെറാരുമുഖം എത്തുപെട്ടുതെളിഞ്ഞു കാണും. പ്രാണനെ ബ്രഹ്മസമാനം അല്ലാബ്രഹ്മംതന്നെയായി പ്രതിപാദിക്കും ശ്രുതിയും കാണ്മാനുണ്ടു്.— 'പ്രാണോബ്രഹ്മ കംബ്രഹ്മ ഖംബ്രഹ്മേതി, ഇതുപോലൊരുവിവരണം ഓമിനെപററിയുള്ളതും ശ്രദ്ധേയമാണു്.

'ഓം ഇത്യേദക്ഷരമിദംസർവം
തസ്യോ പവ്യാഖ്യാനം ഭൂതം
ഭവത് ദവിഷ്യതിതി സർവമോ
ങ്കാര ഏവാ യച്ഛന്യത് ത്രികാലാ
തീതം തദപ്യോങ്കാര ഏവ സർവം
ഹ്യേതത് ബ്രഹ്മ; അയമാത്മാ ബ്രഹ്മ'

ശബ്ദഗുണംവായുവിലും മററുള്ളഘനഭൂതങ്ങളിലുമെല്ലാം കിട്ടും. വായുവിൻേറതായസ്പർശം ആകാശമൊഴികെയുള്ള എല്ലാഭൂതങ്ങളിലും കാണും. അതുപോലെ അഗ്നിതൻ രൂപം അതിലുപരി ഘനമേറും ഭൂതങ്ങളിലും കാണാനുണ്ടു്. അതു് ജലത്തിലും ഭൂമിയിലും സുഖസഞ്ചാരിയാണു്. ആയപോലെ ജലത്തിൻേറതായ രസം ജലത്തിലെന്ന പോലെ ഘനമേറും ഘനനഭൂമിയിലും

സ്വാതന്ത്ര്യനാണ്. ഭൂമിയുടെ ഗന്ധം ഭൂമിയുടെ സ്വന്തവുമാണ്. ജലത്തിൽ ഗന്ധം കണ്ടെത്തുന്നുവെല്ലോ എന്നു പറഞ്ഞാൽ ശരി അല്ല അതിൽ ഭൂവസ്തുകലർപ്പുള്ളതാകകൊണ്ടാണെന്നു ധരിക്കണം.

ഈ വിവരണവുമവിടെ നില്ക്കട്ടേ. മറെറാരിടം കാണാം. പുരുഷശ്രേയസ്സായ ജീവൻ ഈ ഭൂതങ്ങളിലേതെങ്കിലും ഒന്നാണ് എന്നുപറക ശരിഅല്ലാ. പിന്നെ എങ്ങനെ അതിൻെറ നിലന്യായീകരിക്കും സിദ്ധാന്തീകരിക്കും. പറയാം. 'ജീവൻ ദർപ്പണദൃശ്യമാന നഗരീതുല്ല്യം നിജാന്തർഗതം' ഇനിപറയുവതു് ശ്രദ്ധയാമനസിലാക്കുക.

നാമിവിടെ കാട്ടാനുദ്ദേശിക്കുന്നതു് ജീവനിർമ്മിതിയാണ്. ഇതെങ്ങനെ എന്നാൽമന പ്രാണേന്ദ്രിയങ്ങളുംപ്പെട്ടതാണ് സൂക്ഷ്മദേഹം. ഈ സൂക്ഷ്മദേഹമാകും ദർപ്പണേ പ്രതിബിംബിച്ചു കാണുന്ന ആത്മപുരുഷനേ ആണ് ജീവഭാവേന അവഭാസിച്ചു കാണുന്നതു്. ഈ വിധേന ജീവഭാവംവന്നുചേൻ്റ, ഇതിൽ പ്രധാനിമനസായമായാമുകുരമണ്. ആകകൊണ്ടാണ് ഈ കള്ളക്കളി ആവിർഭവിച്ചതു്. ഇങ്ങനെ ആത്മപുരുഷൻ ജീവഭാവനനായിട്ടവഭാസിച്ച് ബദ്ധഭാവം പുണരുന്നു. ഇപ്രകാരേണയുള്ള ഈ ജീവനാണ് നൊമ്പലഭാരവാഹിയായിട്ടറിയപ്പെടുന്നതു്. ഇതും ശരിയാകുമോ ഇതും സിദ്ധാന്തിക്കാമോ. പ്രതിബിംബം ആത്മാവാകയില്ലാ. അതിനു് ചൈതന്യമില്ലാ. പിന്നെ നൊമ്പലമെങ്ങനറിയും. അറിവേ ചൈതന്യമാകു. ഇവിടമാണ് മായയുടെ ഏററവും വലിയനിലവറകളിലൊന്നു്. ഇതിലിറങ്ങിതപ്പുക ഭയാനക

മാണ്. എങ്കിലും എങ്ങനെമാറും എങ്ങോട്ടുമാറും മുന്നോട്ടുതന്നെ നീങ്ങാം.

എൻെറ ബാല്യത്തിൽ അമ്മൂമ്മമാത്രം താമസിക്കുന്ന തോപ്പിൽ വീട്ടിൽ അത്താഴമുണ്ണം കഴിഞ്ഞു കിടക്കാൻ തുടങ്ങും സമയേ അമ്മൂമ്മയോടുപറഞ്ഞു. അമ്മൂമ്മേ ആറുമണിയോടെ വണ്ടി ഉണ്ട് അതുകൊണ്ട് ഞാൻ നാലര അഞ്ചോടെ ഇവിടുന്നു കായംകുളത്തിനുപോകും. ചോദിക്കാനും മററും നില്ക്കയില്ല. ഒരുറക്കം കഴിഞ്ഞെഴുന്നേററു നടത്തയായി. കൂററാക്കൂററിരുട്ട്. വെട്ടമില്ല വടിയില്ല കുടയില്ല വണ്ടിക്കൂലിക്കകാശുണ്ട്. നടത്തശീഘ്രമാക്കാൻ ഒക്കാത്ത ഇരുട്ട്. കോവേണിപാലം കയറി കിഴക്കേ ചിറയിലിറങ്ങി കിഴക്കോട്ടുള്ള നനമണ്ണുമൂടി കിടക്കുന്ന കരീലപ്പുറത്തുകൂടിയാണ് നടത്തം. വഴിരണ്ടുവശം പറങ്കിമാവുകമ്പുകളംകൊണ്ടുമൂടി അടഞ്ഞുഗുഹാസമാനമായിട്ടാണ് നില. മുന്നോട്ടുനോക്കിയാൽ മറുവശം കാണ്മാനില്ല. ഓരോകാൽവെയ്പിലും എന്തിൻെറ പുറത്താണ് ചവിട്ടാൻ പോകുന്നതെന്നഭീതി. അടിഭാഗത്തരയടിപൊക്കത്തിൽ കരീലയാണ്. എന്തിനമിരിക്കാം എന്തും സംഭവിക്കാം. എൻെറ ജീവനേയും ജീവിത ഭവിഷ്യത്തുകളേയുമോർത്തോർത്തു ധൈര്യംവിടാതെനടന്നു. മറുഭാഗമെത്തി. ഒട്ടേറെ നടന്ന് സ്റ്റാൻഡിലുമെത്തി. അവിടെ തിരക്കിയപ്പോഴാണ് അപ്പോഠം രാത്രി രണ്ടുമണിയെന്നറിഞ്ഞത്.

ഇതുപോലെതന്നെയാണ് മായാമാളത്തിൽക്കൂടിയുള്ള സഞ്ചാരവും തപ്പിപ്പറക്കലും.

ഇവിടെ നമ്മുടെ അതിപ്രധാനവിഷയം ജീവബോധനിലയാണ്. ജീവന് ബോധമില്ലെന്നു പറക

സാദ്ധ്യമോ. ജീവന് ബോധമുണ്ടെന്നപക്ഷം സിദ്ധാന്തീകരിച്ചിട്ടുണ്ടോ. ഉണ്ടെങ്കിലും ഇല്ലെങ്കിലും സിദ്ധാന്തവൽക്കരിച്ചുകൂടേ. 'അഹം' അവിടെ എങ്ങിനെ? അഹം എവിടെ എങ്ങിനെ? ആത്മവടിവെങ്ങിനെ ബ്രഹ്മമെങ്ങനെ ചേർന്നുവരും? ഇവയെല്ലാം കാതലായ ഭാവവും ഭാഗങ്ങളുമാണ്. ഇവിടെയെല്ലാം കടന്ന് വിശദമായി പഠിക്കണം.

തുടങ്ങാം. സൂര്യൻ ബിംബമാണ്. പ്രതിബിംബമല്ല. പ്രതിബിംബത്തിനും തേജസ്സുണ്ട്. കണ്ണാടിയിൽ പ്രതിബിംബിക്കും സൂര്യനെ കണ്ണാടിയിൽക്കൂടിയും ദർശിക്കുവാൻ പ്രയാസമാണ്.

ആത്മാവ് ബിംബമാണ്. അതിന് ചൈതന്യമുണ്ട് – ബോധമുണ്ട് – ജീവൻ പ്രതിബിംബമാണ് ബിംബമല്ല. മായയിൽ പ്രതിബിംബിതൻ ഈശ്വരൻ അവിദ്യയിൽ പ്രതിബിംബിതൻ ജീവൻ, ഇത് ശാസ്ത്രസമ്മതമുള്ളതാണ്.

തീക്ഷ്ണ തീക്ഷ്ണമായ ആത്മബോധത്തിന്റെ കാഠിന്യത്താൽ ബോധം ജീവനിൽ വ്യക്തം നിഴലിക്കുന്നു. അപ്രകാരേണ ജീവൻ പ്രതിബിംബമെങ്കിലും ബോധവാഹിതം വന്നുകൂടുന്നു. ഇത് വ്യക്തമായ തെളിവുകളുമാണല്ലോ. എന്നാൽ സച്ചിദാനന്ദസ്വരൂപനായ ആത്മാവിന്റെ തനിപ്പകർപ്പല്ല ജീവൻ. എന്തുകൊണ്ടെന്നാൽ ജീവനിൽ പല പോരായ്മകളും കണ്ടെത്താൻ കഴിയും. എന്നാൽ അത് ആത്മാവിൽ പററുക സാദ്ധ്യമല്ല. ആനന്ദാഭാവം സമനിലതെററിയാൽ ദുഃഖത്തെ ചെയ്യേക്കാം. ആനന്ദാഭാവം ആത്മാവിൽ ചെല്ലുകയില്ല. അതാണ്

ആത്മാസച്ചിദാനന്ദനായതു്. ശാസ്ത്രം എത്രമേൽ പഠിച്ചാലും ശാസ്ത്രോക്തമാർഗ്ഗം ഗമിച്ചേ മതിവരൂ എന്നു പറഞ്ഞാൽ ഭാഷാനൈപുണി വേണ്ടുവോളം പഠിച്ച് അതിന്റെതാല്പര്യവും അർത്ഥവും മുഴുവൻ മനസ്സിലാക്കിയാലും അനുഭവസമ്പത്തിസമ്പാദിച്ചെങ്കിൽ മാത്രമേ കാര്യസാദ്ധ്യമുണ്ടാകൂ. ജ്ഞാനോദയത്തിന്ന് അനുഭവസമ്പത്തി അത്യന്താപേക്ഷിതമാണ്. ഇതിനെ ആസ്പദമാക്കി ചില കാര്യങ്ങൾ പറഞ്ഞുകാട്ടിത്തരാം. അനാഹത ധ്വനി, ഹൃൽക്കാരനാദം വളരെ നാൾ കേട്ടുകൊണ്ടിരുന്നിട്ടും ചീവീടിന്റെ നാദംപോലെയും ചിലങ്കാനാദം പോലെയും തുടന്നുള്ള മററുനാദങ്ങളും എത്തുപെടുന്നില്ലെന്നു ചിലർ പറയുന്നുണ്ടു്. ഇതവരുടെ ശ്രദ്ധക്കുറവും ജ്ഞാനരാഹിത്യവും കൊണ്ടുമാത്രമാണ്. അനാഹത ധ്വനിപ്രാണന്റൂർദ്ധ്വഗമനംചെയ്യലാണു കാട്ടുന്നതു്. അതു് സർവ്വദാ കേൾക്കാൻ സാദ്ധ്യവും ശിരസ്സിൽ നിറുത്തി മുക്തിഭാക്കാകും വരെ സൂക്ഷിക്കാൻ സാദ്ധ്യവുമാണ്. എന്നാൽ മുൻപറഞ്ഞ മററു രണ്ടുനാദങ്ങളും അല്പം വ്യത്യസ്ഥങ്ങളാണ്, ഇവ തനി ജീവൽപ്രസരങ്ങളാണ്, ദേവീവിലസലാണ്, വിളയാട്ടമാണ്, ഈ ദേവി അന്യമല്ലാ തന്റെ ജീവൻ തന്നെ ആണ്. ഇതിനെ അന്യമായി കാണരുതു്. അങ്ങനെ ഭാവിച്ചാൽ സാക്ഷാൽക്കാരം താമസിക്കും. ശ്രീ എഴുത്തച്ഛന്റെ കാനനവിവരണത്തിലെ ഝില്ലിഝകാരനാദവും യോഗഗ്രന്ഥങ്ങളിലെ ചിണി ചിഞ്ചിണി തുടങ്ങിയ ചിലങ്കാനാദവും മററും ദേവീവിളയാട്ടമാണ്. ഇതിനെ ഞാൻ അടുത്തുമനസിലാക്കിതരാം ശ്രദ്ധയാശ്രവിക്കുക.

ലളിതാസഹസ്രനാമം ഒരു ഭക്തിഗ്രന്ഥമായാണ് സാധാരണ അറിവു്. എന്നാൽ അതിനെ ഒരു യോഗ

ഗ്രന്ഥമെന്നു പറഞ്ഞാലും പോരാ ഒരു വിശിഷ്ട ജ്ഞാന നിധിയെന്നുകൂടി മനസിലാക്കണം.

'ചിദഗ്നികുണ്ഡസംഭൃത' എന്നതിന്റെ താത്പര്യം ബോധമാം അഗ്നികുണ്ഡത്തിൻ സംഭൃതാ, ഉള്ളതായറിയപ്പെടും ചൈതന്യം. ഇതിനെ കുറച്ചുകൂടി തെളിച്ചുകാട്ടേണ്ടതുണ്ട്. ഈ ശബ്ദകോലാഹലങ്ങളൊക്കെ നടക്കുന്നതു് ശിരസിലാണെല്ലോ. അവിടെ ഉടലെടുക്കും ശബ്ദങ്ങൾ വ്യക്തികളറിയാതെ തന്നെ അതിശക്തിയായും അതിശയകരമായുമറിയപ്പെടും. ശിരസിൽ ശബ്ദമാരംഭിക്കുന്നതു് സഹസ്രദളപത്മവികസനകാലത്താണ്, ഓരോ ദളവും ഓരോ നാടിയും നുന്നു പൊങ്ങിവിടരുമ്പോൾ മുതൽക്കാണ്, ഓരോ ദളവികസനത്തിലും "ടിക്" "ടിക്" എന്നൊരു നാദം ശ്രദ്ധേയമാകും. ഇതു് യോഗികൾക്ക് അനുഭവവേദ്യമാണ്. ഇതിനെ വേദം പോലും വാഴ്ത്തുന്നുണ്ട്. ഈ ദളവികസനാസ്വാദ്യതക്കാണ് യാഗത്തിനുള്ള അരി ഉരലിലിട്ട് ഉലക്കകൊണ്ടു കുത്തി തന്നെ എടുക്കണമെന്നു പറഞ്ഞിരിക്കുന്നതു്. ഈ ദളവികസന 'ടിക്' ടിക്'' നാദം തന്നെയാണ് അരി അവസ്സുമ്പോൾ ഘോഷമായറിയപ്പെടുന്നതു്. അനുഭവസ്ഥരറിയും.

ഹംസധ്വനിവിവരണത്തിലേക്കു കടന്നാൽ അതിശയിപ്പും വിധ യോഗധാരണാവിവരണത്തെ തന്നു് മുന്നേറുംവിധം കാണാം — ലളിതാസഹസ്രനാമത്തിൽ അതിൽ അല്പം ചിലതിനെ ഞാനിവിടെ കാട്ടാം. മുമ്പു വിവരിച്ചിട്ടുള്ള ചിദഗ്നികുണ്ഡയായ ഈ ബോധനികേതനംദേവകാര്യനടത്തിപ്പിനെ പരിഗണിക്കും പ്രകാരേണയാണ് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതെന്നറിയാൻ കഴിയും. അതായതു് ഈ ബോധാഗ്നിയിൽ നിലകൊള്ളും ചൈതന്യം സർവഅന്തരിന്ദ്രിയങ്ങളേയും, ജാഗ്രത്തിൽ

നിറുത്തി അവകളെ പ്രവർത്തനോന്മുഖങ്ങളാക്കി ഉന്മേഷത്തെ കൊടുത്തു പ്രവർത്തിപ്പിക്കുന്നു. അടുത്തതായി മനോരൂപേക്ഷു കോദണ്ഡ എന്ന നാമത്തിൻെറ മനോഹാരതകാട്ടാൻ ശ്രമിക്കട്ടേ അനുസരിക്കാത്തതിനെ അനുസരിപ്പിക്കുംവിധം ശക്തിയെകൊള്ളുംധനുസ്സിനെ, അല്പംകൂടി വിവരിക്കാം_അനുസരിക്കാത്ത കുഞ്ഞിനെ അനുസരിപ്പിക്കാൻ പഞ്ചസാര പൊതിഞ്ഞ ഔഷധ ഗുളികയെന്നപോലെ മനസാകുന്ന ആകർഷണീയശക്തി വലയത്തിൽപ്പെടുത്തി അനുസരിപ്പിക്കും വിധമനുയോജ്യമായ മനസാകുന്ന മായാങ്കുരത്തെ ആകർഷണീയമായ വിധം അലങ്കൃതമാക്കി ചമച്ച് പൊളിച്ചു ചാടാൻ തോന്നാത്തവിധമാക്കിധ്വംസിക്കുംചാപത്തെവഹിച്ചിരിക്കുന്നവളാക്കി കാട്ടിയിരിക്കുകയാണ്. ജീവൻ ചൈതന്യംതന്നെആയമഹേശ്വരിയുടെജീവൽപ്രകടനത്തിൽസംരക്ഷണത്തെചെയ്യുമാറെന്നു തോന്നുവണ്ണംഒരായുധമംഗീകരിച്ചിരിക്കുന്നത് മനസ്സാംരൂപമെടുത്തകോദണ്ഡത്തെയാണ്. അതായത് മനസാകുന്ന വസ്തുതത്വത്താൽരൂപമാണ്ടരസദ്യോതനത്തെ ചെയ്യുനിലകൊള്ളും വില്ലോടുകൂടിയ മായാചാപമാണ്ടവളുമായാണ് അവതരിപ്പിച്ചിരിക്കുന്നത്. ഇതുകൊണ്ടും പോരെന്നു തോന്നുകയാൽ അല്പംകൂടി വിവരിക്കാൻ ശ്രമിക്കട്ടെ. നാം ആത്മചൈതന്യവും അതിൻെറ പ്രസരങ്ങളും വിക്രിയകളും പഠിക്കുവാൻ തുനിഞ്ഞിറങ്ങിയവരാണല്ലോ. നമുക്ക് മനോരൂപേക്ഷുകോദണ്ഡാദി വിവരണം എങ്ങനെ ഉപകരിക്കാനാണെന്നു തോന്നുവാൻ സാധ്യത ഉണ്ടല്ലോ ഇവയെയെല്ലാം കൈകാര്യം ചെയ്യുക സാധ്യമോ എന്നും നോക്കാം.

ഒരു മനുഷ്യൻെറ ഏററവും പ്രധാന ആവശ്യം താനാരെന്നറിയലാണ്. ആത്മാവെന്നും ജീവനെന്നും

മനസെന്നും പ്രാണനെന്നും മററും പല വസ്തുതത്വങ്ങാം ലോകേ അറിയപ്പെടുന്നുണ്ട്. താനാരെന്നറിയണമെങ്കിൽ ഇതിൽ പലതിനേയും പററി അറിയേണ്ടി വരും. ഇതിൽ ആത്മാ-ജീവൻ-ഈശ്വരൻ-മനസ്-പ്രാണൻ മുതലായ ചിലതു് ആത്മാവിനെ ചുററിക്കറങ്ങി നില കൊള്ളുന്നവകളാണ്. സൂര്യനെ ചുററി മററു ഗോളങ്ങളെന്നപോലെ സ്വയം പ്രവർത്തനശേഷി ഉണ്ടായാലുമില്ലെങ്കിലും ഇവകാം ചില പ്രത്യേക നിയമങ്ങാംക്കു വിധേയമായി പ്രവർത്ത്യാന്മുഖമായി നീങ്ങിക്കൊണ്ടിരിക്കുന്നു. ഇവകളെ കൂലംകഷമായി ചിന്തചെയ്തു് എടുക്കുക മനുഷ്യമസ്തിഷ്കത്തിൻെറ ഒരാവശ്യമായും വന്നുകൂടിയിരിക്കയാണ്.

ഈവിധ കാര്യങ്ങാം വേദാന്തഗ്രന്ഥങ്ങളിൽ വേണ്ടുവോളം വിചിന്തനം ചെയ്തിട്ടുണ്ട്. ഇതിൽ ചിലതൊക്കെ ഞാൻ പലവുരു പറഞ്ഞിട്ടുള്ളതുമാണ്. അധികസ്യ അധികം ഫലമെന്ന ന്യായേന അധികമായി പറക തെററല്ലെന്നുവരുന്നുണ്ടല്ലോ. ആത്മാ-ജീവൻ-മനസ് മായ-പ്രാണൻ-ഇവകളെല്ലാം പ്രത്യേക വസ്തുതത്വമെന്നാണ് ശാസ്ത്രസമ്മതം.

ആത്മാ ബ്രഹ്മംതന്നെ എന്നു് ശാസ്ത്രസമ്മതമുണ്ട്, മഹത്സമ്മതമുണ്ട്, സിദ്ധാന്തവുമായിട്ടുണ്ട്. ചിലർ ചില ഇടങ്ങളിൽ ജീവബ്രഹ്മൈക്യം പറയുന്നുണ്ട്. ഇതു് അങ്ങനങ്ങു സമ്മതിക്കാത്തവരുമുണ്ട്. ജീവനു് മോക്ഷമില്ലെന്നു് വാദിക്കുന്നവരുമുണ്ട്. ഇതിൽ ഒന്നുമില്ലെന്നു് പറഞ്ഞുതള്ളരുതു്. ഇവകാം കണക്കിലെടുത്തു് ചർച്ചചെയ്യണം. വേദാന്തം വിശകലനം ചെയ്തു മനസ്സിലാക്കുവാനാണു് വഴികാട്ടുന്നതു്. അതിനെ

ഞാൻ അല്പം മനസ്സിലാക്കിതരാം. ഒരു സിദ്ധാന്തം പറയുമ്പോഴും ആ സിദ്ധാന്തത്തിലോ അതിലെ അർത്ഥവാദത്തിലോ അതായതു് അതിലെ ഭാഷാശൈലി ആദിയായതിലോ അല്ല ആത്മാ നിലകൊള്ളുന്നതു്. പിന്നെയോ അതിൽ വ്യവഹരിക്കപ്പെടും ബോധേ ആണു് ആത്മാ നിലകൊള്ളുന്നതു്. ആകകൊണ്ടു് സർവവിഷയനിരൂപണം സുസമ്മതമാണു്. ശ്രീശങ്കരഭഗവത്പാദർ തുടങ്ങിയ മഹത്തുക്കൾ നിശിതമായി വിമർശിക്കുകയും വിശദമായി വിവരിക്കുകയും മററും ചെയ്യുന്നതു്. അതിലെ ബോധപ്പൊരുളിനെ ആവശ്യക്കാരൻ പിടിച്ചെടുക്കട്ടെ എന്നു കരുതിയാണു്. എന്തെന്നാൽ ആത്മാ ബോധസ്വരൂപിയാണു്, മററുള്ളട് അതിനില്ല അതിലുമില്ല. ജീവനെ എടുത്താൽ ആത്മാമാത്രമല്ല ജീവിക്കൽ എന്ന ഒരു മായാപ്രസ്ഥാനംകൂടി അതിൽ പററിപിടിച്ചു നില്ക്കുന്നതു കാണാം. മായയ്ക്കുമോക്ഷമില്ലാ. മായയെ മോചിപ്പിക്കലെന്നു പറഞ്ഞാൽ അതിൻെറ നാശത്തെ ചെയ്യുവെന്നേ ആകൂ. ജീവൻെറ ജീവിക്കൽ പ്രസ്ഥാനമൊഴിച്ചാൽ ബാക്കി അവശേഷിക്കുംശേഷൻ ആത്മാവാണു്. ആത്മാവിനു് മോക്ഷമാരും അന്വേഷിച്ചുകൊടുക്കേണ്ട. അവൻ നിത്യമുക്തനാണു്. ജീവനു് മുക്തിയുണ്ടോയില്ലയോ എന്ന പറച്ചിലിനെ പൊരുളാക്കാതെ ആ യഥാർത്ഥബോധത്തിലെത്തുക. അടുത്തതു് മനസ്സാണു് അതു് മായാങ്കുരമാണു് അതിശക്തനാണു് പ്രബലനാണു്. അതിനെ അറിഞ്ഞുനിരാകരിക്കുക. ജീവൻെറ സചിവനാണു് മനസ്സു്. അവൻെറ സ്വസാമ്രാജ്യമാണു് മായ—മായാലോകം മുഴുവനും. പിന്നെ അല്പം കരുതേണ്ടതു് പ്രാണനെ ആണു്. ഇവനെ നാം കരുതി നിറുത്തണം ഇവൻ മനസ്സുപോലെ അല്ല. ഇണക്കിയാൽ ഇണങ്ങുന്നവനും പിണങ്ങിയാൽ ഉപദ്രവ

കാരിയും, ജീവനെ വഴിതെററിക്കണമെന്ന കരുതലില്ലാത്തവനും ജീവന്റെ താങ്ങുംതണലുമാണ്. കൂടുതൽ പറയാൻ വരട്ടേ.

അടുത്തതായി — പഞ്ചതന്മാത്രസായക — എന്ന നാമത്തെ അല്പം പഠിക്കാം. പഞ്ചതന്മാത്രസായകം ഇതു പറയുമ്പോഠം മുമ്പ് വിവരിച്ച ചാപത്തേക്കൂടി കണക്കിലെടക്കണം. അതായത് മനോരൂപേക്ഷുകോദണ്ഡ. ഈ വില്ലിൽ തൊടുത്തുവിടാൻ കരുതിയ അസ്ത്രം പഞ്ചതന്മാത്രസായകമാണ്. ഇതിന്റെ പ്രത്യേകത കൂടി അറിയുക. അതായത് ദേശകാലാദിയോ നാമരൂപാദിയോ ഇല്ലായിടത്തിൽ സങ്കല്പമാത്ര ചതുരനായ മനസ്സ് തന്റെ പ്രതിഭാസത്തേ വിളയിക്കുകയാണ്. വിശ്വവിലക്ഷണമായ ബ്രഹ്മത്തിൽ ജഗത്തുണ്ടാകുക സാധ്യമല്ല എന്നിട്ട് അനന്തപ്രപഞ്ചമായ ജഗത്ത് സങ്കല്പമാത്രനായി കല്പിച്ചുനിറുത്തി സൃഷ്ടി നടത്തുകയാണ്. ആവിർഭവിച്ചിട്ടില്ലാത്ത പഞ്ചഭൂതങ്ങളുടെ തന്മാത്രയെകടഞ്ഞ് സാങ്കല്പികവൈകാരികശക്തിയും ചേൻ പഞ്ചഭൂതസൃഷ്ടിനടത്തി ലോകാവിഷ്ക്കരണം നടത്തുകയാണ്. തമ്പുരാൻ പിഴച്ചാൽ പ്രത്തമില്ലല്ലോ. എന്തെന്നാൽ മാവിൽനിന്നും മാങ്ങയും മാങ്ങയിൽ നിന്നും മാവും സൃഷ്ടിച്ച കർത്താക്കാഠംക്കിതതിശയമല്ലല്ലോ നിവൃത്തിയില്ലാതെ വന്നാൽ അപൗരുഷേയസിദ്ധാന്തമുണ്ടല്ലോ. ഇതിനാലാണ് സിദ്ധാന്തമോ പദവിന്യാസമോപദാർത്ഥമോ അല്ല ശരിക്കും കണക്കിലെടുക്കേണ്ടത് അരുളാംപൊരുളായ ബോധസ്വരൂപമാണ്. ഈ അറിവിന്ന് വിശകലനവും വിശദീകരണവും അത്യന്താപേക്ഷിതമാണ്. എങ്കിലേ ആത്മബോധമെത്തുപെട്ടു. ഇവിടെ അങ്ങനെ ഒന്നുനില്ക്കട്ടേ. അടുത്തതിലേയ്ക്കല്പം

കടക്കാം. ചിന്താമണിഗൃഹാന്തസ്ഥാ എന്നതല്പം പഠിക്കാം. മനുഷ്യത്വം മുമുക്ഷുത്വം മഹാപുരുഷസംഗമം മുതലായതിലെ മനുഷ്യത്വപ്രാപ്തിയ്ക്കാവശ്യമായ ചിന്താമനനം മുതലായ ഉത്തമധർമ്മങ്ങൾക്കുള്ളിൽ പ്രശോഭിക്കും ചൈതന്യപ്രഭ എന്നുതന്നെ കരുതണം.

അടുത്തതായി കദംബവനവാസിനീ-എന്നതിനെ വിശദീകരിച്ചു വിവരിക്കട്ടെ ഇതു് ദേവിയുടെ ചില ങ്കാനാദവിവരണത്തെയാണു തരുന്നതു്. സഹസ്രദള പത്മസ്ഥയായി സ്ഥിതിചെയ്യും ഭഗവതിയുടെ ചില ങ്കാനാദസമാനമായ ശബ്ദധോരണീവർണ്ണനയാണു് കദംബവനവാസിനി എന്നതിലെ അതിപ്രധാനസൂചന കോലാഹലത്തോടെ വലിയ ശബ്ദത്തെ ചെയ്യുന്നതെന്നാണു് ഭാഷാപണ്ഡിതന്മാരുടെ വിവരണം. നാലു ഭാഗത്തും വ്യാപിക്കുമാറ് വലിയശബ്ദത്തെ ചെയ്യുന്നതു്. ഇതു് ഒരു ശബ്ദസമാധിവിവരണമാണു്. ചീവിടിന്റെ ഇടതടവില്ലാത്ത ചിലപ്പു് കുഞ്ഞുങ്ങൾ ധരിക്കും ചില ങ്കാനാദശബ്ദം ഇതു രണ്ടും പ്രത്യേകം തിരിച്ചറിയുമാറു് വ്യക്തമായിട്ടനുഭവപ്പെടും. സഹസ്രദളപത്മത്തിൽ വിളയാടും ദേവിഈനാദത്താൽ മുഖരിതമായആശബ്ദകോലാഹലമാകുന്ന വനമെന്നാണു് നാം കരുതേണ്ടതു്. ഇതു് സാക്ഷാൽക്കരിക്കുമ്പോൾ അതിമനോഹരമായിട്ടിതു വ്യക്തമാകും. അല്ലാതെ ദേവികാട്ടിലിരിക്ക സാക്ഷാൽക്കരിക്ക ഇല്ല. ഇവകൾ ശബ്ദസമാധി സാക്ഷാൽക്കാരത്തിലെ ആദ്യാനുഭവങ്ങളാണു്. ഇതിനുശേഷം സ്വച്ഛ നിർമ്മലമായ മണിനാദമനുഭവപ്പെടും. ഈ മാർഗ്ഗാവലംബികൾക്കു സഹായമാകട്ടെ എന്നു കരുതി ഇത്തററം വന്നുവെന്നേഉള്ളൂ. ബാക്കി യഥാകാലം പറയാം.

വേദാന്തത്തിലെ മററു ചില ഭാഗങ്ങൾ പറയാം.

അന്വേഷണങ്ങളിൽ ഏററവും പ്രധാനമായതാണ് ആത്മാന്വേഷണം അഥവാ ബ്രഹ്മാന്വേഷണം അഥവാ ബോധജ്ഞാനം. ഇവ വെവ്വേറെ പറഞ്ഞെങ്കിലും എല്ലാമൊന്നുതന്നെ ആണ്.

'ഓമിത്യേദക്ഷരമിദംസർവം തസ്യോപവ്യാഖ്യാനം, ഭൂതം ഭവത് ഭവിഷ്യതിതിസർവമോങ്കാര ഏവ യച്ഛന്യത്ത്രികാലാതീതം തതപ്യോങ്കാര ഏവ സർവം ഹ്യേതത് ബ്രഹ്മ അയമാത്മാബ്രഹ്മ സോയമാത്മാ ചതുഷ്പാത്.' 'ഏഷസർവേശ്വരഏഷസർവജ്ഞ യേഷോന്തര്യാമേഷയോനി,സർവസ്യപ്രഭവപ്യയൗഹിഭൂതാനാം'

ഇതു് വേദാന്തം നമുക്കുതന്നിരിക്കുന്ന അപൗരുഷേയ ശ്രുതിവചനങ്ങളാണ്. ഈ ബോധത്തെ നാമെങ്ങനെ വിശകലനം ചെയ്യുറിയും. ആയതിലേക്കു ഞാൻ കടക്കും വിധമറിയുമാറു് പറഞ്ഞുതരാം. ശ്രദ്ധയാശ്രവിച്ചാലും. സമാനരൂപികളെപ്പോലെതോന്നാവുന്നനാലുവസ്തുതത്വങ്ങളെ ഞാൻ നിങ്ങൾക്കു പ്രകാശിപ്പിച്ചുതരാം. കേട്ടാലും ഒന്നു സുഷുപ്തി എന്നറിയപ്പെടും ഒരനുഭവാവസ്ഥ. ഇതിന്റെ പ്രത്യേകതകൾ മനസ്സിലാക്കുക. ഈ അവസ്ഥയിൽ ബോധമില്ലാ.ഈ സമയം ആക്കും അവനെ വെട്ടിക്കൊല്ലാൻ വരെ സാധിച്ചെന്നു വരാം. എന്നാലവനറിവുണ്ടു്,സുഖാനുഭവജ്ഞാനമുണ്ടു്, എന്നാൽ നിദ്രാവസ്ഥയിൽ അതവനറിയുന്നതായിട്ടറിയുന്നുമില്ലാ. അങ്ങനെ അതു് പ്രത്യക്ഷമല്ലാ – പരോക്ഷവുമല്ലാ, ഊഹവുമല്ലാ, പിന്നയോ അനുഭവജ്ഞാനം, സുഖാനുഭവജ്ഞാനം, വിവരിക്കലസാദ്ധ്യമാണ്. പക്ഷേ അനുഭവാലറിഞ്ഞതുമാണ്. എന്നാൽ ജാഗ്രത്തിലേക്കുള്ളപോക്കോ ഒന്നുമറിയുന്നുമില്ല.

ഇനി മറെറാന്നു് ഘോരാന്ധകാരമാണ്. തനി

രാത്രി. ഇവിടേയും ചില പ്രത്യേകതകരം അറിയാനുണ്ട്. ഘോരാന്ധകാരമറിയുവാൻ ജാഗ്രത്തു വേണം. ഇരുട്ടറിയാൻ ജാഗ്രത്തുവേണം. സുഷുപ്തന് ജാഗ്രത്തില്ല. രണ്ടും ഒന്നിച്ചു നില്ക്കുകില്ല. ഘോരാന്ധകാരം ഏകദ്യോതകമാണ്. സുഷുപ്തി അതിനേക്കാളും, കാരണം ഇരുട്ടിൽ ദ്രഷ്ടാവാകാം, ജാഗ്രത്തും വേണം. നിദ്രയ്ക്കതൊന്നും വേണ്ടാ. ഒരു വിശിഷ്ടതരം ബോധാഭാവം, ജാഗ്രത്തു വരുമ്പോരം ഒരാനന്ദാനുഭവ ബോധസ്രോതസ്സ് നില കൊള്ളും.

ഇനിയും സമാധിയെ കാണുംവിധം കാണാം. ഒരു ശാസ്ത്രവിവരണം കാണാം. സ്വപ്നംകാണലെല്ലാം കഴിഞ്ഞാലെത്തുപെടും.

'ഞാനെന്നതുമന്യനെന്നതുമില്ലാ,
തമസ്സല്ലനന്തരം തേജസുമല്ലെന്നോർക്കാ
സ്ഥമിത ഗംഭീരമായനാഖ്യമായ്
അനഭിവ്യക്തമായിട്ടിരിക്കുന്നോരുവസ്തു
തനിയേ ശോഭിച്ചുകൊണ്ടീടുമെന്നറികനീ
ശൂന്യമല്ലാകാരമല്ലായതു ദൃശ്യമല്ലാ
പിന്നെ ദർശനമല്ലാ ഭൂതവസ്തുക്കളല്ലാ
അന്തമില്ലാതെകണ്ടുവിളങ്ങും സന്മാത്ര
മാണന്തരംഗത്തിലിതുധരിച്ചീടുക രാമ'

പച്ചമലയാളത്തിൽ തന്നെ ഈ ശാസ്ത്രഭാഗം വാസിഷ്ഠത്തിലെ ഉത്പത്തിപ്രകരണത്തിലേതാണ്. സുവ്യക്തമാകയാൽ വിവരിക്കുന്നില്ല. ഇതൊരു കാഴ്ചപ്പാടാണ്. ഇതു് നിദ്രയല്ലാ സ്വപ്നമല്ലാ ജാഗ്രത്തുമല്ലെന്നോർക്ക. ഒരു സമാധിസാക്ഷാത്ക്കാരമാണ്. ബ്രഹ്മോന്മുഖമായതാണ്. ഇവിടേയും നാം നിന്നുകളയരുതു്. ഇവിടേയും

കടന്നാണ് സ്വാരാജ്യം ബ്രഹ്മനിലയം ആത്മനിലയം ഇവിടം ഞാൻ വ്യക്തമായി പറഞ്ഞുതരാം.

ഇതു് ഒരു കാഴ്ചപ്പാടാണ്.ഒരു വസ്തുതത്വാനുഭൂതി. ഇവിടംകൊണ്ടും എത്തപ്പെട്ടില്ല, ആത്മാനുഭവമായില്ല, ബ്രഹ്മവുമായില്ല. അതാകുമ്പോഠം വിവരണം ഇപ്രകാരമല്ല.

യാതൊരു ബോധമാണോ അഹമെന്നനിലയെ താനായികണ്ടു് അതാണ് ആത്മാവെന്നറിഞ്ഞു് അതു് ബ്രഹ്മമെന്നു ബോധ്യപ്പെട്ടതു്. ആ കാഴ്ചപ്പാടു് മുൻവിവരണവുമായി നിരക്കുകയില്ലാ. അതു് താനായാണ് അതായതു് അബ്ജക്ററീവായല്ലാ സബ്ജക്ററീവായാണ് അറിയുന്നതു്. ഇവിടെ വലിയ വ്യത്യാസമുണ്ടു്. അരൂഠംനിലയാകണമെങ്കിൽ താനായറിയണം താൻ കാണുന്നതായിട്ടറിഞ്ഞാൽ പോരാ. ഈ സൂര്യനേ നാം കാണുന്നു അതിന്റെ ഗംഭീരപ്രകാശവും ചൂടുമെല്ലാം നമ്മുടെ അവലോകനവിഷയമാകുന്നു. അതുകൊണ്ടു് താൻ സൂര്യനായില്ല. താൻ തന്നെ സൂര്യനായാൽ താൻ മുമ്പറിഞ്ഞ കാഴ്ചപ്പാടു സൂര്യനല്ല. ഇവിടെ അതിശയകരമായ വ്യത്യാസമുണ്ടു്. ആകയാൽ താനായറിഞ്ഞില്ലേൽ സമാധിസ്ഥൻ അറിഞ്ഞവനാകയില്ല. കൂടുതൽ വിവരിക്കാം. ഇവിടെ സമാധിസ്ഥൻ ആദ്യം കണ്ടതു് ഇരുട്ടുസമാനമായ മറെറാരു കാഴ്ചപ്പാടാണ്. ഇവിടെ ഏകത്വമനുപശ്യതി എന്നു വരാമെങ്കിലും അതൊട്ടും തന്നെ പൂർണ്ണവുമായി ബന്ധപ്പെട്ടതല്ല. അതേ സമയം താനതായി തന്നെ നിലകൊള്ളും വേളയിലേ ഏകത്വമനുപശ്യതി ശരിയാകൂ. ആകയാൽ ഇതു് നാലാം നിലയാണ് തുരീയം ഇവിടെയാണ്. യാതൊരു ബോധ

മാണോ അഹം എന്ന നിലയിൽ താനായികണ്ടു് ആത്മാവായറിഞ്ഞു് ബ്രഹ്മമെന്നതു് ബോധ്യപ്പെട്ടനില്ക്കുന്നതു്, ആ നില കേവല കാഴ്ചക്കാരനു് വിധേയമാകയില്ലാ. സൂര്യനെ കാണുന്നവനു് സൂര്യനായി തീന്നാലത്തെ അവസ്ഥ എത്തുപെടുകയില്ല. ഇതിനെ ഉള്ളിൽ കണ്ടു കൊണ്ടാണു് മുമ്പിനാലേ — 'സൂര്യനേ നോക്കി നീ ധ്യാനിക്കവേണ്ടടോ സൂര്യനായിട്ടങ്ങുധ്യാനം ഉറപ്പിക്ക' എന്നും 'ബ്രഹ്മത്തെ ഉന്നി നീ ധ്യാനിക്ക വേണ്ടടോ ബ്രഹ്മമായിട്ടങ്ങു ധ്യാനമുറപ്പിക്ക' എന്നു പറഞ്ഞാവക തിരിവുകാട്ടിതന്നതു്. പ്രഥമപുരുഷനായേ ആത്മാനില്ക്കയുള്ളു. അഹം എപ്പോഴും പ്രഥമപുരുഷനായിരിക്കും പോലെതന്നെ ആത്മാ എപ്പോഴും പ്രഥമപുരുഷനാണു്. ബ്രഹ്മത്തെ പ്രഥമപുരുഷനല്ലാതെ വീക്ഷിക്കുന്നതു് മഹാപാപവുമാണു്. ഇവിടെ കാണുമറിവോ കാട്ടറിവോ അല്ലാ താനാമറിവായിട്ടറിയണം. അഹം, ആത്മാ ബ്രഹ്മം ഇതു മൂന്നും ഒന്നുതന്നെയെന്നു മാത്രമല്ല ഇവ പ്രഥമപുരുഷനായേ നില്ക്കൂ. മററുള്ളവകളെല്ലാംതന്നെ വിഷയത്തിൽപ്പെടുന്നതാണു്.

ഇനിയും ഈ വെളിവിൽ മഹാവാക്യം പഠിച്ചു നോക്കാം. 'അഹം ബ്രഹ്മാസ്മി' അഹമായന്വേഷണാൽ കണ്ടെത്തും പൊരുളാം മഹത്താം ബ്രഹ്മം തന്നെയെന്നു പഠിക്കണം.

മറെറാന്നു് 'അയമാത്മാ ബ്രഹ്മ' എന്നതാണു്. ഇവിടെ ആത്മാ എന്നതാൻ ബ്രഹ്മംതന്നെ എന്നുറപ്പിച്ചു തകരുകകൊണ്ടു് ആത്മ എന്നതു് അഹമാം ബ്രഹ്മം തന്നെ എന്നറിയണം.

മററുരണ്ടെണ്ണം ഇവകളിൽ നിന്നും അല്പം വ്യത്യസ്ഥങ്ങളാണെല്ലോ. ഈ രംഗങ്ങളിൽ അതിനിപുണ

മായി അടരാടി കളിച്ച അനവധി അനവധി മഹത്തുക്കളുടെ രംഗം കണ്ട ഭാരതീപുത്രക്ക് പിള്ളയാർകളിയരങ്ങെന്ന പോലെ അസഹ്യമായി തീരാതിരിക്കട്ടെ.

''അഹംബ്രഹ്മേതി നിശ്ചിത്യ
അഹംഭാവം പരിത്യജ''

ഇതു് സമാധിസാക്ഷാൽക്കാരമാണ് പറയുന്നതു്. ഞാൻ ബ്രഹ്മമാണെന്നു നിശ്ചയിച്ചിട്ട് ഭാവനാവിധേയമായ അഹംഭാവത്തേ പരിത്യജിക്കുക. ഇതിൽ ഞാൻ നിർബന്ധമായി പിടിക്കുന്നതു് താൻ ബ്രഹ്മമെന്ന നിശ്ചയദാർഢ്യമുറച്ചാൽ, സ്വയം ഭാവനാവിധേയമായി നിലകൊണ്ടിരുന്ന ആ അഹം ഭാവം മാറണം. അല്ലാതെ വെറുഥാ വാചകമാകരുതു്. സാക്ഷാൽക്കാരമെന്നതു് വെറും കാണലല്ലാ. ഇതിനു് ഞാനെപ്പോഴും ഉദാഹരിക്കുന്ന സൂര്യ ഉദാഹരണം ശ്രദ്ധിക്കണം. സൂര്യനെ കാണുകയല്ല സൂര്യനായ് നിലകൊള്ളലാണു് സാക്ഷാത്കാരം. ആയപോലേ ബ്രഹ്മത്തിന്റെ കാര്യത്തിലും ചില പ്രത്യേകതകളുണ്ട്. ബ്രഹ്മം ബോധസ്വരൂപമാണു്. സച്ചിദാനന്ദസ്വരൂപമാണു്. ആത്മാവും സച്ചിദാനന്ദസ്വരൂപമാണു്. അഹവും സച്ചിദാനന്ദസ്വരൂപമാണു്. ഇവിടെ ആണു് സാക്ഷാത്കാരം കണ്ടെത്തേണ്ടതു്. ഇങ്ങനെ സാക്ഷാത്ക്കരിച്ച ഒരുവൻ എത്രയോ ഉന്നതനാണു്, അവന്റെ നിലയെന്താണു് ഇവയെല്ലാം ചിന്തനീയങ്ങളാണു്. ആത്മാവായാലും ബ്രഹ്മമായാലും താനായ്തന്നെ കാണണം. സമാധിയിൽ സൂര്യനെ കണ്ടുനില്ക്കുന്നതും സൂര്യനായി തന്നെ നില്ക്കുന്നതും തമ്മിൽ എത്ര എത്ര അകലെയാണു്. എത്രയോ അകലെയാണു് യാഥാർത്ഥ്യം. ആയപോലെതന്നെ ആത്മാവായ് നില്പതും ബ്രഹ്മമായ് നില്പതും. ഇവ കടന്നു കടന്നു പഠിക്കണം. പഠിക്കാം.

ഒരുത്തൻ ബ്രഹ്മസാക്ഷാത്കാരത്തിനു് വേണ്ടി

സത്യസാക്ഷാത്ക്കാരത്തിനു പ്രവൎത്തിഎടുക്കേണ്ടകാര്യമില്ല. സത്യത്തിനു് പ്രവർത്തിബന്ധമില്ലാ. അതു് സമാധിവിധേയവുമല്ലാ. ആയപോലെതന്നെ ആനന്ദത്തിനും പ്രവൎത്തിബന്ധമല്ലാ ഉള്ളതു്. പ്രവൎത്തിരാഹിത്യബന്ധമാണുള്ളതു്. വിശ്രമം മുതലായതാണതിന്റെ ഉറവിടം. പിന്നെ ഏററവും പ്രധാനഘടകം ബോധമാണു്. ഇതും പ്രവൎത്ത്യോന്മുഖമാണോ എന്നു് തീരുമാനിച്ചെടുക്കാൻ ഞാൻ ചില ഉപാധികൾ നിരത്താം. ദിഗ്ഭ്രമമുണ്ടായാൽ അതുതിരുത്തപ്പെടുന്നതിനു് ചിന്തയോ ശരിയേപററിയുള്ള മനനം തുടങ്ങിയ പ്രവൎത്തനമൊന്നും ശോഭനീയങ്ങളായി കാണുന്നില്ല. പക്ഷേ ആ തിരുത്തൽ ഒരു പ്രത്യേക ബോധോദയമാണു് നിർവഹിക്കുന്നതു്. ആയപോലെ ഒരു സൈക്കിയാട്രിക്ക ഡാക്ടറോടു് ചോദിച്ചാലറിയാം ഒരുസൈക്കിയാട്രിക്കരോഗി ഏററവും കൂടുതൽ വെറുക്കുന്നതും, ഭയക്കുന്നതും തനിക്കു ഏററവും കൂടുതൽ ഉപകരിക്കാൻ സാധ്യത ഉള്ള ഉപകാരിവൃന്ദത്തെയാണു്. അതുപോലെ നിദ്രയിൽ ഒരു പ്രവൎത്തനവും ഇല്ലാതിരിക്കും സമയത്തിങ്കൽ താൻ സുഖാനുഭവിയായിരിക്കും നില അവനെ ജാഗ്രത്തവസരം ബോധ്യപ്പെടുത്തും, ഇത്രയുംകൊണ്ടു് കൎമ്മമല്ലാ സുഖദായനി എന്നൊരു ഭാഗം മാത്രമല്ലാ സർവതന്ത്രസ്വതന്ത്രനായി പരിപൂൎണ്ണനായി നിലകൊള്ളും ബ്രഹ്മമാണു് താനെന്നിരിക്കേ എന്താവശ്യത്തിനാണു് താൻ കൎമ്മനിരതനാകുന്നതു്. ഒരു മനുഷ്യനും ഒരു നിമിഷം പോലും കൎമ്മം ചെയ്യാതിരിക്കുന്നില്ല ഇരിക്കസാദ്ധ്യവുമല്ലെന്നിരിക്കെ കൎമ്മവ്യൂഹത്തെ പറിച്ചെറിഞ്ഞുകളയാമെന്ന വ്യാമോഹം കേവല അനൎത്ഥദായിനിയായ ഒരു വ്യാധിയെന്നുപറഞ്ഞാലുമധികപ്പററാകയില്ലെന്നും പണ്ഡിതാഭിപ്രായം ഉണ്ടെന്നോർക്കണം.

പിന്നെന്തു ചങ്കൂററത്തിലാണ് ഈ കർമ്മരാഹിത്യ വ്യാധി പരത്തുന്നതു്. ശ്രീകൃഷ്ണഭഗവാൻ ഗീതയിൽ ഇതു് സുവ്യക്തം കാട്ടുന്നുണ്ടു്.

ആദിയിൽ ലോകസൃഷ്ടിനടത്തികഴിഞ്ഞു് ജീവ സമൂഹത്തിൽ പ്രത്യേകിച്ചും മനനാധിപതികളായ മനു ഷ്യവർഗ്ഗത്തെ ആകമാനം അവലോകനം ചെയ്തിട്ടു് ഭഗ വാനജൻ ഭാരതജനതയുടെ നിസ്സംഗത്വവും ദുഃഖവും ശരീരശേഷിക്കുറവും കണ്ടു് അതിനൊരു പ്രതിവിധി ആരാഞ്ഞു.

വാസിഷ്ഠം ശ്രീ രാമമേനോൻ

''പാരമല്പായുസ്സുകളായ് ഹതാശരായോ
രിജ്ജനത്തിന്റെ സങ്കടമൊക്കെയും
തീരുവാനെന്തഹോനല്ലതെന്നുരം
ത്താരിലല്പം വിധി ചിന്തിച്ചുഖേദിച്ചു
തീർത്ഥംതപം ജപംദാനമെന്നീവക
പാർത്തീടിലത്യന്തദുഃഖശാന്തിക്കഹോ
പോരാത്തതാകയാൽ ദുഃഖമോക്ഷംവരാൻ
സാരമാംജ്ഞാനം വെളിപ്പെടുത്തീടുവാൻ
എന്നുറച്ചമ്പോടുമമ്പോടുമംഭോജസംഭവൻ
എന്നെ ജനിപ്പിച്ചു ചിത്തസങ്കല്പത്താൽ
തന്നെകണക്കേകരത്തിൽകമണ്ഡലു
എന്നല്പനല്പക്ഷമാലയും പൂണ്ടഹോ
നന്നായിവീണുവണങ്ങിനിന്നീടിനോ
രെന്നെ സമീപേവിളിച്ചുചതുർമുഖൻ
താമര പൂവിനുള്ളത്തരപത്രത്തിൽ
ആമോദമോടുമിരുത്തീട്ടുരംചെയ്തു
നന്ദനാനിന്നുടെ മാനസംമർക്കട
മെന്നതുപോലെ ചലിച്ചുകൊള്ളുംവിധം
പാരമജ്ഞാനിയായ്തീർന്നീട്ടുനീയല്ല

നേരം സബാഷ്പമാം കണ്ണാടിയേപ്പോലെ
സാരസസംഭവനേവംശപിച്ചതുനേരം
സ്വരൂപം വിമലംമറന്നുഞാൻ
കാലുഷ്യമാർന്നുകൊണ്ടത്യന്തമൂഢനേ
പോലെ പരിതപിച്ചീടിനാൻ
അന്നേരമെന്നോടുതാതനരുൾചെയ്തു
നന്ദനാനീയെന്തുദുഃഖിച്ചിരിക്കുവാൻ
സത്വരമെന്നോടുചോദിക്കനീങ്ങീടു
മത്തലെല്ലാം നിത്യസൗഖ്യവുംവന്നീടും
... ... ... .... ... ... ... ...
മൽപിതാവേ മഹാദുഃഖസ്വരൂപമാ
മിപ്രഞ്ചംവന്നതെങ്ങിനെയാകുന്നു
എങ്ങനെയാണിതുനഷ്ടമാക്കീടുവത്
... ... ... ... ... ... ... ...
ഞാനിത്തരമപേക്ഷിച്ചതുകേട്ടതൽ
ജ്ഞാനംവിധാതാവെനിക്കുപദേശിച്ചു
... .... ... ... ... . .. ... ...
... ... ... ... ... ... ... ....
വേദ്യമായുള്ളതറിഞ്ഞു നിജസ്വഭാവ
ത്തിലിരുന്നീടുമെന്നോടനന്തരം
അത്യന്തകാരുണ്യമോടും ജഗത്തിന്റെ
കർത്താവതായവിരിഞ്ചനരുൾചെയ്തു
നന്ദനാ കേൾക്കകിജ്ഞാനസാരംപരം
മന്നിലുള്ളോർക്കൊക്കെനന്നായ്ലഭിക്കുവാൻ
അദൃശാപത്തിനാലജ്ഞാനിയാക്കീട്ട്
ചോദ്യകർത്താവാക്കിവെച്ചീടിനേൻനിന്നെ
ഇപ്പോളൊഴിഞ്ഞിതുനിന്നുടെ ശാപവും
ഉൾപ്പൂവിലേററവും ബോധവുമുണ്ടായി
പാരതിൽഭാരതവർഷത്തിലേയ്ക്കാശു

പാരം ജനോപകാരത്തിനായ്‌പോകനീ
കർമ്മകാണ്ഡത്തിൽകൊതിയുള്ളവർക്ക്
സൽകർമ്മയോഗത്തെയും, നല്ലൊരു വൈരാഗ്യം
മാനസേവന്ന മഹാമതികൾക്കസുജ്ഞാനയോ
ഗത്തെയും നീയുപദേശിക്ക
ഇത്ഥംപിതാവാം വിധാതാവു ചൊൽകയാൽ
അത്രെവന്താൻവന്നുവാഴുന്നിതെന്നുമേ''

ഇന്നത്തെ ദൃഷ്ടിക്കിതെല്ലാമഗോചരമായേക്കാം. എങ്കിലും ചില വസ്തുതകൾ വേദാന്തികൾ അറിഞ്ഞിരിക്കേണ്ടതുണ്ട്. ഗീതയിൽ കർമ്മത്തിന് വളരെ അധികം പ്രാധാന്യം കൊടുത്തിരിക്കയാണ്. കർമ്മനിരതരുവഴിയേ പോകുക ഉള്ളായിരിക്കാം. വൈരാഗ്യത്തോടൊത്ത ജ്ഞാനാവലംബികളെ പിടിച്ചുനിറുത്തുകയോ പിടിച്ചുകെട്ടുകയോ ചെയ്യരുതേ. ഒരു നൂറു വർഷത്തെ കച്ചവടത്തിൽ വന്നുവീണുപോയെന്നു തോന്നുന്നവരെ വകവരുത്തുവാനാരും ഒരുങ്ങുകയില്ലെന്നു കരുതിക്കോട്ടെ.

ഇതോടെ അത്യന്തം ഗൗരവമേറിയ ചില കാര്യ കാര്യങ്ങൾ വെളിച്ചത്തുകൊണ്ടുവരാം. യോഗിയായവൻ യോഗബലംകൊണ്ടും മഹേന്ദ്രജാലക്കാരൻ ഇന്ദ്രജാലംകൊണ്ടും കാട്ടുംപോലെ അല്ലാ ഒരു സമാധിസ്ഥൻ സമാധിയിലറിയുന്നതു്. അവന് ബോധം മാത്രമേ ഉള്ളു. ആനന്ദംപോലും അവന്‌ബോധമാണ്. സത്യവും അവന് ബോധത്തിൽപെട്ടുകിട്ടും. ബോധാമൃതരസമായിനില്ക്കുമീ അവസ്ഥയിൽ പഞ്ചഭൂതമെല്ലാമഴിയും. ആകാശവും വിട്ടുപോം. പിന്നവശേഷിപ്പതെന്തെന്നു ചോദിച്ചാൽ താൻ തന്നെ ആ ആത്മാ മാത്രം, ഇവിടെ നാമറിയേണ്ട വേറെയും ചില കാര്യങ്ങളുണ്ട്. ഇവിടെ

എത്തിനില്ക്കുമാത്മവാൻ പഞ്ചഭൂതസ്വഭാവമായ അതിൻെറ വൈകാരികപ്രകൃതത്തെ കാണുകയില്ല-കാണരുതു താനും. ആകാശത്തിൻെറ ശബ്ദമോ, വായുവിൻെറ വരട്ടലോ ഉണക്കലോ, അഗ്നിയുടെ ചൂടോ പ്രഭയോ ജലത്തിൻെറ നലച്ചിലോ നനവോ ഭൂമിയുടെ കാഠിന്യമോ ഗന്ധമോ കണ്ടെത്തുകയില്ലതന്നെ. അവൻ ബോധവാനാണുതാനും. ഈ ഇവൻെറ യഥാർത്ഥനില വിവരിക്കലസാദ്ധ്യമെങ്കിലും ചില സൂചനകൾ കണ്ടെത്തേണ്ടതാവശ്യമാണ്.

ഇപ്രകാരമുള്ള ബോധസ്രോതസ്സായി നിലകൊള്ളുമാത്മവാൻ സർവ്വേശ്വരനാണെന്നതറിയണം. സർവ്വജ്ഞനെന്ന വെളിവുണ്ടായിരിക്കണം സർവശക്തനാകണം. അന്തര്യാമിയും സർവവ്യാപിയും സർവത്തിൻേറയും ഉറവിടമാണെന്നുള്ളതുമുറപ്പായിരിക്കണം. അല്ലാതെ കിനാവുകണ്ടതുകൊണ്ടോ നിഴലുകണ്ടതുകൊണ്ടോ കൺകെട്ടുകാട്ടിയതുകൊണ്ടോ, ഇന്ദ്രജാലമോ മഹേന്ദ്രജാലമോ കാട്ടിയതുകൊണ്ടോ കേളൻ കുലുങ്ങത്തുമില്ലാ ഉന്നതസമാധിസ്ഥനൊട്ടാകയുമില്ല. ആത്മവാനാത്മവാനണെൻെറമാനുഷ്യാ. ചില കാര്യങ്ങൾക്കൂടി പറയട്ടേ, നമ്മുടെ ദർശനങ്ങളിലൊന്നും മുക്തിയെ നിഷേധിക്കുന്നില്ല അതിലും ആത്യന്തികമുക്തിതന്നെ ആണവകളുടേയും ചിന്താവിഷയം. ഇവയെല്ലാംതന്നെ പഠനവിഷയങ്ങളാകേണ്ടവയാണ്. മുൻവിവരണങ്ങളിൽപെട്ട സമാധിയെ ഉറപ്പിക്കാൻ ഇവകൾ എങ്ങനെ സഹായിക്കും അഥവാ എങ്ങനെ സഹകരിക്കുമെന്നു നോക്കാം.

ഷട്ദർശനങ്ങളിൽ പെടുത്തിയിട്ടില്ലാത്ത ഭക്തിയെ ഭഗവാൻ ശ്രീകൃഷ്ണൻ യോഗത്തിൽ ഉൾക്കൊള്ളിച്ച്

വിദീകരിച്ചുകാട്ടുന്നുണ്ട്. ഇതിനു് ഭഗവത്ഗീതയിൽ ശരിക്കും സ്ഥാനവുമുണ്ട്. വേദാന്തികളിൽ ചിലർക്ക് ഇതിന്റെ ചില ആശയങ്ങൾ തൃപ്തിയെ കൊടുക്കുന്നില്ലെന്നും കാട്ടുന്നുണ്ട്.

വേദവിശകലനം ചെയ്യും പുരാണങ്ങൾ അതങ്ങനെ ചെയ്യുന്നുണ്ടോ എന്നു സംശയിക്കുന്ന വിഭാഗക്കാരേയും കാണാനുണ്ട്. ഇതുവരെയുള്ള വേദവ്യാഖ്യാനം തൃപ്തികരമല്ലെന്നു പലർക്കും തോന്നുന്നുണ്ട്.

ഗീതയിലെ ഭക്തി പരമാത്മാവിൽ_ഈശ്വരവിലാസത്തിൽ അവസാനിക്കുകയാണ്. അതു് ആത്യന്തികമുക്തിയിൽ പെടുന്നില്ലെന്നഭിപ്രായമുണ്ട്. സൂര്യഗമനപ്രാപ്തി ഇതിഹാസഘോഷിതമാണ്. ഉഞ്ഛവൃത്തി ബ്രാഹ്മണൻ ഒരു സൂര്യനായി തന്നെ ആയി സൂര്യനിൽ ലയിക്കുന്ന കഥയുണ്ട്. സൂര്യാന്തർഗതരായ മഹാത്മാക്കൾക്ക് അധോഗതിയില്ലെങ്കിലും നിത്യമുക്തിക്കു അവിടെ ഉപാസന ചെയ്തു പ്രാർത്ഥിക്കുന്ന വിവരണവുമുണ്ട്. ആകയാൽ മുമ്പറഞ്ഞ സൂര്യഗമനം അധോഗതി വിമുക്തമാണെങ്കിലും നിത്യമുക്തമല്ല.

സൃഷ്ടിയെ പരമാത്മാവു ചെയ്യുന്ന പരാമർശമുണ്ട്. പക്ഷേ അതു് ആദിസൃഷ്ടി വിവരണത്തെ ചെയ്യുന്നില്ലാ. അതു് പ്രളയാന്തരസൃഷ്ടിയേ പറയുന്നുള്ളു. ഈ പരമാത്മാവിന്റെ സൃഷ്ട്യോന്മുഖപ്രവർത്തന വിവരണം തന്നെ രസകരമാണ്. പ്രളയകാലത്തു് ദേഹനഷ്ടമേററ ജീവജാലങ്ങൾ അതിന്റെ മുൻകാലകർത്താവായ പരമാത്മാവിൽ ഒരു പ്രത്യേകതരത്തിൽ വിലയം പ്രാപിച്ചു് നിലകൊള്ളുകയും പ്രളയാന്തരം പൂച്ച പൂച്ചയായും കടുവ കടുവയായും പുലി പുലിയായും വീണ്ടുംവരുമെന്നുമാണ്

വിവരിക്കപ്പെടുന്നതു്. സമയമറിയാൻ വയ്യാത്ത സുഷുപ്തന് എത്രനേരമുറങ്ങിയെന്നോ എന്തോസമയം കഴിഞ്ഞുവെന്നോ അറിയാത്തതുപോലെ പ്രളയകാലം മുഴുവൻ സുഷുപ്തസമാനം ചിലവഴിച്ചു് വീണ്ടും നരി നരിയായും പുലി പുലിയായും വരുംപോലെ വന്നുകൂടുമെന്നാണു് വ്യവസ്ഥ. ഇവിടെ വ്യക്തമായ വിശകലനത്തിൽ സൃഷ്ടിനടന്നിരുന്നില്ലാ എന്നു് സുവ്യക്തം സമത്ഥിക്കുവാൻ കഴിയും. ഇത്രയും പറഞ്ഞതുകൊണ്ടു് ദേവതാഭക്തി നിത്യമുക്തി സാധകമാകയില്ലതന്നെ. എന്നാൽ ഭക്തിമുക്തിദായകമാകയില്ലാ എന്നു ഞാൻ പറകയില്ലാ. എന്തെന്നാൽ അതിൻെറ മമ്മം വെളിപ്പെടുത്തി കാര്യം വ്യക്തമാക്കാം. പുത്രനും പുത്രിക്കും മററും പിതാവിനോടും മാതാവിനോടുമുള്ള ഭക്തി അളവററതുതന്നെയാണു് അതുപോലെ തന്നെ മറിച്ചും മാതാപിതാക്കൾക്കു പുത്രീപുത്രന്മാരോടുള്ള സ്നേഹവും. ആയപോലെയാണു് ഭാര്യയ്ക്കു് ഭത്താവിനോടും ഭത്താവിനു് ഭാര്യയോടുമുള്ള സ്നേഹവും. എന്നാൽ ഇങ്ങനെയുള്ള ഏതെടുത്താലും ഒന്നും പൂർണ്ണമാകയില്ല ഒന്നിൻെറ തെററുകുററങ്ങൾ മററതിൽ പ്രതിഫലിയ്ക്കും. ആകയാൽ അവ ഒന്നും പരമപ്രേമിയിൽവന്നു ചേരുകയില്ല. പരമപ്രേമാ ഭക്തി എന്നതിനു് ഒട്ടും മാററുകുറയരുതു്. അങ്ങനെ വരണമെങ്കിൽ അതെങ്ങനിരിക്കണമെന്നു് വിവരിച്ചിവിടം കടക്കാം.

അവനവൻെറ ആത്മാവിനോടുള്ള സ്നേഹം തന്നെയാണു് പരമമായുള്ള പ്രേമം. എന്തെന്നാൽ ആദ്യമായി അതിനു് ആദ്യന്തം അത്യന്തം പരിശുദ്ധിയുണ്ടു്. ഒരു താൽപര്യത്തിൻേറയും പുറത്തല്ല ആത്മസ്നേഹം പടുത്തുയർത്തി ഇരിക്കുന്നതു്. ഇതു് സ്വയം തെളിവാലലംകൃതമാണു്. ആത്മാവിനെ സ്നേഹിച്ചാലും ഇല്ലെങ്കിലും

അതാരെയും വെറുക്കുകയോ എടുത്തു സ്നേഹിക്കുകയോ ഇല്ല. അതിനു് സ്നേഹമില്ലായ്മയുമില്ല സ്നേഹിക്കുന്നതുമില്ല. പക്ഷേ യാതൊന്നില്ലെങ്കിൽ ആണോ സ്നേഹമോ സ്നേഹിക്കലോ നിലനില്ക്കാതാവുന്നതു് അതു് ആത്മാവാണു്. സർവസ്നേഹത്തിനും കാരണക്കാരൻ ആത്മാവാണു്. അങ്ങനെ സർവസ്നേഹകാരണനായ ആത്മാവുതന്നെ പരമപ്രേമാസ്പദമെന്നു തെളിയും, എന്നാൽ ചിലർ ആത്മഹത്യക്കു ശ്രമിക്കുന്നുവല്ലോ എന്നു പറഞ്ഞാൽ അതു ശരിയല്ലാ. എന്തെന്നാൽ ആത്മാഹാനിക്കാപ്പെടും വസ്തുതത്വമല്ലാ.

'നജായതേ മ്രിയതേ വ കദാചി
ഗീതാ ന്നായം ഭൂത്വാഭവിതാവാ നഭൂയഃ
അജോനിത്യഃ ശാശ്വതോയം പുരാണോ
നഹന്യതേ ഹന്യമാനേ ശരീരേ.'

ആത്മാ ജനിക്കുന്നില്ലാ മരിക്കുന്നില്ല ഉണ്ടായിട്ടു പിന്നെ ഇരിക്കുന്നെതുമില്ലാ എന്തന്നാൽ ആത്മാ അജനവ്യയൻ ശാശ്വതനും പണ്ടേപണ്ടേ ഉള്ളവനും മററുമാണു്. അപ്രകാരേണ ഉള്ള ഒരുവനു് ശരീരനാശേ നാശം— ആത്മനാശം സംഭവിക്കുന്നില്ലാ. അവിടെ അവനാഗ്രഹിക്കുന്നതു് അവൻെറ ജീവനു് സംഭവിച്ചതായി തോന്നും വ്യഥാ പരിഹാരമാണു്. അങ്ങനെ അവൻ ജീവനാശം കൊതിച്ചാലും അതു് ആത്മനാശക്കൊതി അല്ല.

ഇതിനെ ഞാനൊന്നുകൂടി വിശദീകരിക്കാം. ഒരുവനു് ഒരുവെട്ടേററു ചികിത്സയിലായാൽ അവൻെറ വേദന അവൻ കടിച്ചമർത്തികഴിയുകയാണു്. അപ്പോഴുല്ലം നിദ്രകിട്ടിയാൽ ക്ലേശംമറന്നാനന്ദാനുഭവിയാകുന്നു. ഇവിടെ പ്രകടീകൃതമായൊന്നും നടക്കുന്നില്ലെങ്കിലും

നിദ്രയുടെ ഉൽപന്നമായാനന്ദം അവൻെറ വേദനയെ ഹനിക്കും പ്രകടീഭാവം സംഭവിക്കും. അല്ലാതെ നിദ്ര ഒന്നും ചെയ്യുംഭാവമില്ലാ. അതുപോലെ സർവ സ്നേഹകാരകനായ ആത്മാവിനു് ഒന്നും ചെയ്യും പ്രകടീഭാവമില്ലെന്നു മാത്രം,

ഇനിയും നമുക്കല്ലും, വ്യാകരണ, കോശനിരുക്താദികളെ കണക്കിലെടുത്തു് ഷട്ദശനങ്ങളിലേക്കുകടക്കാം. വ്യാകരണം ഒരുതരത്തിലും ഉപേക്ഷിക്കപ്പെടാവുന്ന ഒരു ഭാഷാശാസ്ത്രമല്ലാ. അതിനേയും ഞാനുദാഹരണത്താൽ വ്യക്തമാക്കാം— രാമനടിച്ചു—എന്നതും—രാമനെ അടിച്ചുവെന്നതും ഒരു 'എ'കാരത്തിൻെറ വ്യത്യാസത്താൽ തികച്ചും അന്യോന്യവിരുദ്ധമായ ആശയമാണു് നമുക്കു കിട്ടുന്നതു്. മാത്രമല്ലാ വാദിപ്രതിയാകുകവരെ വന്നുകൂടും. ആകയാൽ ഇത്തരം കാര്യങ്ങൾ വ്യക്തം കണക്കിലെടുക്കേണ്ടതാണു്. ഇപ്രകാരമുള്ള ഭാഷാന്യൂനത പ്രമേയത്തിൽ കടന്നുകൂടാതെ കൂലംകഷമായി ശ്രദ്ധിക്കണം. അങ്ങനെയുള്ളതിൻെറ ക്രോഡീകരണമേ പ്രമാണമാകൂ. അങ്ങനെ പ്രമാണപ്രമേയങ്ങൾക്കിടയിൽ വന്നുകൂടാവുന്ന തെററുകുററങ്ങൾ കുററമററ പരിഹരിച്ചീടണം. അതുപോലെ ഇതിലൊക്കെ ഉണ്ടാകാവുന്ന തെററുകുററങ്ങൾ ശരിക്കും വിശകലനം ചെയ്തു് സംശയനിവാരണം വരുത്തിയിരിക്കണം. ഏതെങ്കിലും തരത്തിൽ ക്രമത്തിലധികം ബുദ്ധിമുട്ടി ഒരാവിഷ്കരണമുറപ്പിച്ചാൽ അതിൻെറ പ്രയോജനം ശരിക്കും ചിന്താവിഷയമാക്കിയിരിക്കണം. അതിനു് തക്കതായ ഒരുപ്രയോജനമുണ്ടായിരിക്കയും വേണം. അതിനെ ദൃഷ്ടാന്തങ്ങളാൽ വേണ്ടതുപോലെ ചോതന ചെയ്തുവേണം സിദ്ധാന്തവൽക്കരിക്കാൻ. അങ്ങനെ സിദ്ധാന്തയോഗ്യമെന്നു് കണ്ടതിനേ മാത്രമേ സിദ്ധാന്തയോഗ്യമെന്നുറപ്പിക്കാവൂ.

മാത്രമല്ലാ — അവയവ തക്കനിർണ്ണയവാദജല്പവിതണ്ഡാഹേത്വാഭാസഛലജാതി നിഗ്രഹസ്ഥാനാതത്വജ്ഞാനാന്നിശ്രേയ സാധിഗമഃ —

ഇത്രയധികം കാര്യങ്ങളാൽ അണിയിച്ചൊരുക്കി ഒട്ടു പഴുതില്ലാതാക്കി സൂര്യൻെറ കിരണങ്ങളെന്ന പോലെ ഒരുരശ്മിയും അയൽ രശ്മിയും വേർപെടും ഇടമില്ലാത്തതുപോലെ ബോധാദിത്യനെ വിജ്ഞാനശകലങ്ങളെകൊണ്ടു് അലങ്കരിച്ചൊരുക്കികാട്ടുകയാണു് ആദ്യസൂത്രംകൊണ്ടുപോലും നയ്യായികൻ പടുത്തുകാട്ടിയിരിക്കുന്നതു്. ഇപ്രകാരം വളരെ സൂക്ഷിച്ചാണു് ന്യായദർശനം ബോധസൂര്യോദയം കാട്ടി തിരശീല പുറപ്പാടുപോലും നടത്തിയിരിക്കുന്നതു്. അടുത്ത സൂത്രമാണെങ്കിൽ മനോഹരമായി തനിസൂത്രമായി തന്നെ ബോധാമൃതസൽക്കാരം നടത്തിയിരിക്കയാണു്.

'ദുഃഖ ജന്മപ്രവൃത്തിദോഷ മിഥ്യാജ്ഞാനാനാമുത്തരോത്തരാഽപായേ തദന്തരാപായാദപവർഗ്ഗഃ'

ഇതിൻെറ ചുരുക്കമെന്തെന്നാൽ — മിഥ്യാജ്ഞാനം പരിഹരിച്ചാൽ പ്രവൃത്തിദോഷം കടക്കാം. പ്രവൃത്തിദോഷം കടന്നാൽ ജന്മനാശമുണ്ടാകും. ജന്മനാശേ ദുഃഖം നഹി. ഇപ്രകാരമൊരവതരണമാണു് നൈയ്യായികസംഭാവന. ഇങ്ങനെ അവരും ദുഃഖനാശത്തിനു് ജന്മനാശമാണു പറഞ്ഞുകാണുന്നതു്. അതായതു് ആരും ഈ വയ്യാവേലി സ്വയം വലിച്ചുവയ്ക്കുന്നതായി പറയുന്നില്ല, പറയുകയുമില്ലാ. ഇങ്ങനെ കണ്ണുകൊണ്ടോരോ തത്വങ്ങളെകണ്ടറിയുംപോലെ പുരുഷൻ അതായതാത്മാ അതിൻെറ കാഴ്ചാവിധേയമായി കണ്ടെത്തിയ ഓരോ വിധ ബോധമാണു് ദർശനമെന്ന നിലയിലുടലെടുത്തി

രിക്കുന്നതു്. ഇവയൊക്കെ മഹാശയർ വേണ്ടുവോളം വിവരിച്ചിരിക്കകൊണ്ടു് അവയിലേക്കു് കടക്കുന്നില്ല. ജ്ഞാനോത്സുകനായ നൈയ്യായികൻ ആശയത്തെ മുൻനിറുത്തി ഭാഷയെ കൈകാര്യം ചെയ്യുക മാത്രമല്ല അതിലെ യുക്തികളേയും യുക്തി ആഭാസങ്ങളേയും വേണ്ടവിധം ചർച്ചചെയ്തു മുക്തിസമ്പന്നമാക്കി സിദ്ധാന്തവൽക്കരിച്ചു കാട്ടുകയാണു് ചെയ്തിരിക്കുന്നതു്. ഇതു് തികച്ചും ബോധപരമായ ഒരു പരാമർശരീതിയാണു്. വിഷയപരത്തേക്കാം.

എന്നാൽ വൈശേഷികം ഇതിനു് ഉപ്പുപുരട്ടും പോലെ വിഷയസമ്പർക്കത്തെ ചെയ്തു് കൂടുതൽ പ്രയോജനകരമാക്കുന്നുണ്ടു്. പക്ഷേ ഇതുകൊണ്ടു പൂർണ്ണമുന്നേററം കൈവരിച്ചചരിത്രം ആരും പറഞ്ഞിട്ടില്ല. അതുകൊണ്ടു് ഇതിനെ ഇവിടെ നിറുത്തി അതിബൃഹത്തായ യോഗസാംഖ്യാദികളുടെ വിശകലനം ആരായാം.

യോഗം അത്യന്തമുൽകൃഷ്ടമാണു്. അതിൽ പല വിഭാഗങ്ങളുണ്ടു്. ജീവാത്മൈക്യത്തെ ചെയ്യുന്ന ഏതും യോഗമാണു്. വാസ്തവവും അങ്ങനെതന്നെയാണല്ലോ. അതിനിപുണനായ ഒരുത്തനെപ്പററി പറയുമ്പോൾ സാധാരണപറയാറുണ്ടു് അവനാണാണു് അവൻ പുരുഷനാണു് എന്നു മററും. ആയപോലെ യോഗത്തെ ചെയ്യുന്നതിനെ കാട്ടി അതു് യോഗമെന്നു പറഞ്ഞാൽ അതു് യോഗപ്രത്യേകമാകയില്ലല്ലോ. ആകയാൽ നമുക്കു തനി യോഗത്തേയും കാണണം. ഇതു് അത്യന്തം പ്രാധാന്യമർഹിക്കുന്നതാണു്. ഹഠയോഗം, രാജയോഗം, ഹംസയോഗം, കുണ്ഡലിനീയോഗം എന്നൊക്കെ എത്രയെത്ര യോഗങ്ങളാണുള്ളതു്. ഇവിടെ നമുക്കു പ്രയോജനത്തെ

ചെയ്യുന്ന ചിലതിനെ പഠിക്കാം. നമ്മളുടെ പ്രത്യേക തയ്യും സൗകര്യത്തിനും കഴിവിനും ചെന്നെത്താവുന്ന ചിലതിനെ വേണമല്ലോ കണക്കിലെടുക്കുവാൻ.

പാതഞ്ജലയോഗശാസ്ത്രത്തിലും മററും രാജയോഗത്തിന്റെ മർമ്മം പിളർന്നു കാട്ടിതന്നിട്ടുണ്ട്. യോഗമനുശാസിക്കും വിധമെന്നു തുടങ്ങി 'യോഗചിത്തവൃത്തി നിരോധ' എന്നതു വിളമ്പിയോഗസദ്യ മനോഹരമായി കൈകാര്യം ചെയ്ത മഹത്തുക്കളുടെ വിജ്ഞാനഭണ്ഡാഗാരം കിടക്കെ അതിനകത്തു കൈയ്യിട്ടു വ്ളാമ്പാൻ സാധു ഞാനെന്തിനു മുതിരണം. ആകകൊണ്ട്, മാങ്ങാ അടിച്ചു പറിച്ചുകൊണ്ടുപോയ അയ്യത്തു് വല്യ കണ്ണിമാങ്ങയോ ഉണ്ണിമാങ്ങയോ പറക്കിയെടുക്കുന്ന കുഞ്ഞുങ്ങളും പോലെ ആരുമില്ലാ ആ പറച്ചിൽ ചില വഴിക്കും. കുഞ്ഞുങ്ങളും രസിക്കുംപോലെ നമുക്കിവിടെ ചിലതെല്ലാം തപ്പിപ്പറക്കാം രസിക്കാം.

ഗായത്രീ ഒരു സ്തോത്രമാണു് ഉപാസനാപരമാണു് പക്ഷേ അതു് യോഗത്തെ ചെയ്യും ആകയാൽ അതു് യോഗപ്രദായകവുമാണു്. സാധാരണനിലയിൽ അനാഹതധ്വനി അവക്ക് വിധേയമാണു്. അവിടെ ജനിക്കും ഫൂൽക്കാര ധ്വനി ഓങ്കാരം വരെ കൊണ്ടുചെന്നെത്തിക്കും. അതുപോലെ യോഗാലുണ്ടാകാവുന്ന, ഹംസധ്വനി എന്നറിയപ്പെടുന്ന ചില ശബ്ദപരമ്പര തന്നെ ഉണ്ട്. അതു് ചീവീടുചിലയ്ക്കും നാദംപോലെയും കുഞ്ഞുങ്ങളുടെ ചിലങ്കാനാദം പോലെയുമാണാദ്യം തുടങ്ങുക. ഇതിന്റെ പ്രത്യേകത അതിവിശിഷ്ടമാണു്. വിന്ധ്യാടവിയിലെ ശ്രീരാമൻ വർണ്ണിക്കുന്ന ഝില്ലിഝംകാര നാദമണ്ഡിതധ്വനി പൂരവും കദംബവനം വാസയോഗ്യ

മായിതീക്കും ധ്വനിപൂരവും. ഈ യോഗവൃത്തിനാദങ്ങളാണെന്നാണ് ഞാനറിയുന്നത്.

ഞാനതു പറഞ്ഞുതരാം. ആത്മാ അതിന്റെ മായാപ്രതിബിംബത്തിലാണ് ജീവഭാവം പ്രാപിക്കുന്നത്. ഈ ജീവനെ ആത്മപ്രഭാവമറിയിക്കലാണ് ഈവിവിധ ഹംസധ്വനികൾ നിർവഹിക്കുന്നത്. ഇവിടെനിറുത്തിപ്ലാത്ത കിലുകിലാരവധ്വനിയാകുന്ന കദംബവനത്തിൽ ശിശുസമാനം ഉല്ലസിക്കലത്രേ ജീവൽ ശക്തി ചെയ്യുന്നത്. ജീവനിവിടെ ഒന്നേ ഉള്ള അതദ്രൂപാവസ്ഥയിലാണതാനും. ഇപ്രകാരം ശിരസിൽ പ്രതിഫലിക്കുന്ന ഒരു ദിവ്യയോഗവിലസലാണ് ഹംസധ്വനികാരണം. ഇവിടെ എത്താൻ വളരെ ഒന്നും പ്രയാസമുള്ളയിടമല്ലാ. ഈ വിധേന ശിരസിൽ സഹസ്രദളപത്മകാരണമായി ധ്വനിക്കപ്പെടും ധ്വനിപൂരവനത്തിൽ രസിക്കും അദ്രൂപിയാം ശിശുസമാന ജീവനെ ആണ് യോഗി അനുഭവിക്കുന്നത്.

അപ്പോഴേക്കും മട്ടുമാറി, സർവത്ര ഗാംഭീര്യം പകരുകയായി. നിരതിശയശാശ്വത ഏകാന്തത ആവിർഭവിക്കലായി. അതിന്റെ ഗാംഭീര്യം വിളിച്ചറിയിക്കും മണിനാദം ശ്രവണവിധേയമാകുന്നു, കേൾക്കുന്നു. തീഷ്ണനിബിഡമായ ഏകാന്തതയിൽ ആത്മാ അതിന്റെ ജീവൽശക്തിയിൽക്കൂടി ആ പരിവർത്തനം ഗംഭീരമായി ഇന്നറിയുന്നു. ഇവിടം കഴിയുമ്പോഴേക്കും വിജയലഹരി പകരലായി, മൃദംഗമായി, വീണയായി, ഇടിമുഴക്കമായി, ധ്വനി അവസാനിപ്പിക്കലിനായി സമുദ്രാന്തർഗതമുഴക്കവും എന്നുവേണ്ടാ ഭേരീനാദവും മററും ചൊൽപടിക്ക കേൾക്കായ്‌വരും.

ഇവിടെ അല്പം നില്ക്കാം. ഈ വിധേനയും മററു

യോഗമാർഗ്ഗങ്ങളിൽക്കൂടിയും പുരോഗമിക്കും യോഗികൾ ഏകത്വം കണ്ടെത്തുന്നില്ലാ എന്നൊരു പരാതി ജ്ഞാന മാർഗ്ഗാന്വേഷികൾക്കുണ്ട്. യോഗിക്കാത്മാപലതെന്ന തിൽ കുററം കാണുന്നില്ല. ഇതു് യോഗിമാത്രമല്ല ജ്ഞാനികൂടിയായ സാംഖ്യനും അപ്രകാരംതന്നെയാണു് തീരുമാനമെടുത്തിരിക്കുന്നതു്. അവക്കും ആത്മാ പല താവാം. ഇതിനു് ജ്ഞാനിയാണു് മറുപടിപറയേണ്ട തെന്നാണു് ശ്രീധരനിഗമനം.

ഞാനും ഗുരുനാഥനുംകൂടി ആദ്ധ്യാത്മിക കാര്യങ്ങൾ സംസാരിക്കുംവേളയിൽ അദ്ദേഹവും ജ്ഞാനസംബന്ധ രുമായി തത്വവിനിമയം ചെയ്ത കാര്യം പറയുകയു ണ്ടായി. രാത്രിയിൽ സ്വാമിജി ഒററയ്ക്കു് സഞ്ചരിക്കും അവസരത്തിൽ പ്രായം കുറഞ്ഞ ഒരു മഹാത്മാ അദ്ദേഹ ത്തോടൊപ്പം നടന്നുവരുന്നതുകണ്ടു് അപ്പോൾ തന്നെ സാധാരണ മഹത്തുക്കൾ അടുക്കുമ്പോൾ തന്നെ അവർ പറയാതെ തന്നെ അവരിന്നാരാണെന്നറിയും. അപ്രകാരേണ അറിയാഞ്ഞാൽ അതു് ആ ജ്ഞാനിയുടെ അല്ലേൽ യോഗി ആണെങ്കിൽ അയാളുടെ ഭ്രഷ്ടായാണു് കണക്കാക്കുന്നതു്. ഇതിനെ അനുസ്മരിക്കുന്ന ഒരു കഥ അഗസ്ത്യനും ശുകനുമായുള്ളതു് ഭാഗവതത്തിൽ കാണ്മാ നുണ്ടു്. ഈ സഞ്ചാരവിവരണം ശ്രവിച്ച ഞാൻ അദ്ദേഹ ത്തോടിപ്രകാരം ചോദിച്ചു. പരിപൂർണ്ണനായ മഹാത്മാ ക്കൾ ബ്രഹ്മേ ലയിക്കുന്നതു് ജലം ജലത്തിൽ ചേരും പോലെയും ക്ഷീരം ക്ഷീരേ ലയിക്കും പോലെയും ആണെന്നിരിക്കെ എന്താണദ്ദേഹം ഇങ്ങനെ ഉടലെടു ക്കാൻ, ഇനിയും സൂക്ഷ്മദേഹത്തിലായാലും. ഇതിനു് അദ്ദേഹമരുളിയ മറുപടി ഈ വിധമൊരു പ്രക്രിയ കാണുന്നുണ്ടു്, അവക്കങ്ങനെ രൂപമെടുക്കലും സാദ്ധ്യ

മാണെന്നായിരുന്നു. ഇതിനേക്കൂടി ഞാനല്പം വിവരിക്കാം.

ഇതത്യന്തം ഗോപ്യമായ ഒരു ജ്ഞാനരഹസ്യമാണ്, ചിന്തനീയമാണ്, പഠിക്കേണ്ടതാണ്. ആകകൊണ്ട് അതിൽ കടക്കതന്നെ വേണം.

നിമിഷമാത്രയാൽ സങ്കല്പിക്കപ്പെട്ടം ലോകം ആ നിമിഷാൽ തന്നെ അഴിയുന്നതു് വാസ്തവമായിരിക്കും പോലെ നിത്യമുക്തനായ വ്യക്തിഗതസങ്കല്പൻ ബ്രഹ്മത്തിലാണ് ലയിച്ചുനിലകൊാംവതു്. ബോധം എവിടെയും ഒന്നാണ്. ഇതുപനിഷത് സമ്മതമെന്നു മാത്രമല്ല ഉപനിഷത് സിദ്ധാന്തം കൂടിയാണ്. ആഏക ബോധത്തിൽനിന്നും അതേ പൂർവദേഹംകാട്ടി ജിജ്ഞാസുവിനെ തൃപ്തനാക്കാൻ ബോധജ്യോതിസ്സിനു സാദ്ധ്യമെന്നുമാത്രം. ഇവിടെ അത്യന്തം അത്ഭുതദായിനിയായ ഒരു ബോധോജ്ജ്വലനം ഏവരും മനസിലാക്കണം.

ഇവിടെ യോഗമല്ലാ, സാംഖ്യമല്ലാ ജ്ഞാനം ജ്ഞാനിക്കെത്തുപെട്ടം നിലയനം. ഇവിടെ യോഗ, സാംഖ്യ, ജ്ഞാനങ്ങളുടെ ചില മർമ്മങ്ങരം ഞാനെടുത്തു കാട്ടിത്തരാം. യോഗത്തിൽ അതിനിപുണന്മാർ പലരുണ്ട് അതിലൊരു ഉഗ്രനാണ് ഭൂസുണ്ഡൻ. ശ്രീരാമചന്ദ്രനും ഭൂസുണ്ഡനുമായുള്ള മത്സരം മുൻപുസ്തകത്തിലേതിലോ വിവരിച്ചിട്ടുണ്ട്. ചുരുക്കി പറഞ്ഞാൽ ഭൂസുണ്ഡൻ ചെന്നെത്തേണ്ടമിടത്തിൽ ശ്രീരാമചന്ദ്രൻ ചെല്ലാതെ എത്തിയിരിക്കും. എങ്ങും നിറഞ്ഞു നിറവുററബ്രഹ്മം ചെന്നെത്തും ബ്രഹ്മത്തേക്കാരം മുമ്പനാണ്.

യോഗിയും സാംഖ്യനും ഒന്നുപോലെ ആത്മാ പലതെന്നു കരുതുന്നു. എന്നാൽ ജ്ഞാനികാട്ടുന്നതു് ഏകത്വവും ഏകമായ് നിലകൊള്ളലുമാണ്. ഇപ്രകാരമുള്ള

ഏകൻ പലതാകാനാവശ്യംമതി. മററുള്ളവക്ക് ഏകമാ വല്യവിദൂരമാണ്. കഴിവുകൾ ഏവക്കും വളരെ ഏറെ എന്നിരിക്കിലും ഏകമാകലാണന്ത്യ സമാധി. ഇതും ഞാനല്പം വിശദീകരിച്ചുകാട്ടാം. ശ്രദ്ധിച്ചാലും.—

ഓരോ വ്യക്തിക്കും അവനവൻെറ ശിരസിൽ അനവധി സിരാകേന്ദ്രങ്ങളുണ്ട്. അതിൽ ചിലതിനു കേടുവന്നുകൂടിയാൽ സ്തംഭനങ്ങളും അംഗവൈകല്യങ്ങളുമുണ്ടാകാം. എന്നാൽ ഇന്ദ്രിയങ്ങളെല്ലാം പോയാലും ജീവനൊഴികയില്ല. വായുക്കളിൽ പലതുപോയാലും ജീവനൊഴികയില്ല. എന്നാൽ യാതൊരു മുഖ്യപ്രാണൻ ദേഹംവിടുമ്പോൾ ആണോ സർവ മററു പ്രാണനും ദേഹം വിടുന്നതു്, അതു സംഭവിച്ചാൽ ജീവൻ പ്രയാണത്തിന് വൈകിക്കയില്ല. ഇതുപോലെ ശിരോന്തർഭാഗത്തു് അനേകമനേക സിരാകേന്ദ്രങ്ങളുണ്ടു്. ഈ സിരാകേന്ദ്രങ്ങളിലേതിലോ ഒന്നിലാണ് ജീവൻെറ രക്ഷാവലയത്തോടൊത്ത ആശ്രയസ്ഥാനം. ഈ കേന്ദ്രത്തിനു് ഹൃദയമെന്നു് വേദാന്തികൾ പറയും. ഇതു് സർവവിദ്യാകേന്ദ്രവും സർവബോധനികേതനവുമാണ് ഇതിനു തകരാറുപററിയാൽ മുഖ്യപ്രാണൻ പിടിച്ചാലും നില്ക്കാതെ ജീവൻ ഉടലൊഴിയും. ഇതല്പംകൂടി വിശദമാക്കാൻ ശ്രമിക്കാം. യാതൊരുത്തനുറങ്ങുമ്പോൾ ഏതൊരു കേന്ദ്രത്തിലാണോ അവൻ നിലവിലറിഞ്ഞിരുന്നു ഉപഗൂഹനം ചെയ്യപ്പെട്ടിരുന്നതു്. യാതൊരു സ്ഥാനത്തിനു കേടുപററാതിരുന്നാൽ അതു് അതേപടി വെളിക്കുകൊണ്ടുവരാൻ കഴിയുന്നതു് ആ സിരാകേന്ദ്രത്തെ ഹൃദയമെന്നു പറഞ്ഞുകൊള്ളൂ. അതുതന്നെ ബിന്ദുസ്ഥാനം. യാതൊരു ബിന്ദുസ്ഥാനമാണോ മനുഷ്യഹൃദയാന്തർഭാഗത്തു് സർവബോധനികേതനമായി പ്രജ്ജ്വലിച്ചു നിലകൊള്ളുന്നതു്. ആ സ്ഥാനം തന്നെയാണ്

സർവലോകമധ്യബിന്ദു എന്നുറപ്പായറിയുക. ഞാൻ വിവരിച്ചുതരാം. ബ്രഹ്മത്തിൽ യാതൊരു ബോധജ്യോതിസ്സാണോ അറിയപ്പെട്ടതായി കാണുന്നതു് അതിനെ ഉദാഹരിക്കുംവിധം ലോകേഅനുഭവവും കണ്ടെത്തും.

സർവലോകകേന്ദ്രസ്ഥാനം ഓരോ മനുഷ്യന്റെയും ഹൃദയബിന്ദുസ്ഥാനം തന്നെ എന്നു പറയുമ്പോൾ ഹാലിളകി ചാടരുതു്. അതു് തെളിവിനു വിധേയമാണു്. ഹിമാലയത്തിൽ കുടികൊള്ളും ഗിരിജനും, കേരളത്തിൽ കുടികൊള്ളും കേളനും, മേല്പോട്ടുനോക്കിയാൽ അവൻ തന്നെയാണു് ലോകമദ്ധ്യബിന്ദു എന്നു് ആരുടെയും വാമൊഴിയോ വരമൊഴിയോ കൂടാതേയും അനുമാനമോ ഉപമാനമോ കൂടാതേയുമറിയാൻ സാധിക്കും. ഇതിനെ പ്രത്യക്ഷജ്ഞാനത്തിലാണു് കൊള്ളിച്ചിരിക്കുന്നതു്. ഇതിൽ മിഥ്യാത്വം കെട്ടിച്ചമച്ചു് തെറ്റെന്നു വിധി എഴുതും മഹത്തുക്കളോടു് ഞാനൊന്നു ചോദിച്ചു കൊള്ളട്ടേ. ഇതിൽ ഏതാണു ശരി. പ്രത്യക്ഷജ്ഞാനമോ, വാമൊഴിയോ വരമൊഴിയോ, അഭ്യൂഹമോ, ഉപമാനമോ, അനുമാനമോ — ഏതാണു് ശരി. ഇനിയും ഇതിൽ നമുക്കല്പം കടന്നുചെന്നു് സത്യവും സത്യാഭാസവും മററുംകണ്ടെത്താം. തൽക്കാലമൊന്നു പറയട്ടേ മനുഷ്യഹൃദയബിന്ദു ലോകമദ്ധ്യ കേന്ദ്രബിന്ദു എന്നതിനെ ഉദാഹരിച്ചു എന്നേ ഉള്ളു. ഇനിയും ഇതിന്റെ ശാസ്ത്രഭാഗം കാട്ടാം. അനന്തമായ ബ്രഹ്മത്തിനു് ആദിയോ അന്തമോ ഇല്ലല്ലോ. ഇന്നയിടംതൊട്ടു തുടങ്ങി എന്നോ ഇത്തററം കൊണ്ടവസാനിക്കുന്നുവെന്നോ പറക സാദ്ധ്യമല്ലല്ലോ. അങ്ങനെ ആദ്യന്തനിർണ്ണയമില്ലാത്ത ഒന്നിന്റെ മദ്ധ്യവും അനിർവാച്യമാണു്. ഇപ്രകാരമുള്ള ഘട്ടത്തിലും നാം നിറുത്തരുതു്.

പറയാം. എന്നാൽ പ്രത്യക്ഷാനുഭവത്താലും അന്യഥാ കേന്ദ്രമുണ്ടാക സാദ്ധ്യമല്ലാത്തതിനാലും ഇതു് മദ്ധ്യ കേന്ദ്രം തന്നെ.

കണ്ണിമാങ്ങയും പറക്കി വളരെ നേരം വളരെദൂരം സഞ്ചരിച്ചു കഴിഞ്ഞു. ബിന്ദുസ്ഥാനത്തിനു വഴക്കു കൂടിയതല്ലാതെ ബിന്ദുവേ അറിയും വിധം പറഞ്ഞില്ലാ. മാനവ ഹൃദയത്തിൻെറ സർവബോധനികേതനമായ ബിന്ദുവിവരിക്കപ്പെട്ടില്ലാ. അതു് ഒക്കംപോലെ പറയാനുമുദ്യമിക്കട്ടെ.

യോഗിയേയും സാംഖ്യനേയും പലതുകാട്ടി തിരിച്ചുനിറുത്തുന്നതു് വ്യക്തിത്വം— Induviduality എന്നൊരു Concept ആണു്. അതായതു് ഒരു അനുഭവവേദ്യതയാണു്. ജീവൻ പോയാൽ വീണ്ടും ജനിക്കും അദ്ധ്യാത്മികകാക്ക് ഭേദപ്പെട്ട ജീവിതംതന്നെ കിട്ടുമെന്നു് ശാസ്ത്രവുമുണ്ടല്ലോ. ഇതാണു് ജഗത്തിൻെറ ഒട്ടവിലെ കണ്ണി. മായയുടെ മായാപ്രാഭവത്തിന്നു് കളമൊരുക്കും കണ്ണി. ഇതു് പൊട്ടിച്ചെറിയാൻ പലരും വിസമ്മതിക്കമിടമാണു്. ഉപാസകനോ ഭക്തനോ യോഗിയോ സാംഖ്യനോ നിൽക്കട്ടെ അപ്പുറമെങ്ങിനെ എന്തെന്നറിയട്ടേ എന്നു് അറിവുമാത്രമുള്ള നിലയനത്തെ സംശയിക്കലായി ഭയക്കലായി. ഇങ്ങനെ അത്രേ ബിന്ദു അചിന്ത്യവും അനിർവചനീയവുമായ ഇവിടെ എത്തി അറിഞ്ഞാസ്വദിച്ചനുഭവിക്കുക.

ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ

## ശ്രീധരദേശം ട്രസ്റ്റ് പ്രസിദ്ധീകരണങ്ങൾ

### ഗ്രന്ഥകർത്താവിൻെറ ഇതരകൃതികൾ

ശ്രീധരബോധ മനനം
ശ്രീധര പരിദേവനം
മഹാവാക്യപ്പൊരുൾ
വേദാന്തസരണി
ബാല ശ്രീധരം
ശ്രീധര ശ്രീധരം
അദ്വൈത ശ്രീധരം
വേദാന്ത ബോധസുധ
വേദ വേദാന്ത സമന്വയം
ആത്മസുധ
വേദാന്ത വിഹായസ്
ശ്രീധര വചനാമൃതം — ഭാഗം 1
ശ്രീധര വചനാമൃതം — ഭാഗം 2
ഉപനിഷത് ശ്രീധര പ്രകാരം
ശ്രീധര ബോധ കിരണം
ശ്രീധരൻെറ ബോധാവലോകനം
ശ്രീധരൻെറ വേദാന്ത ദർശനം
പ്രബോധ ശ്രീധരം
ശ്രീധരൻെറ ബോധസുധാകരം
ശ്രീധരൻെറ ദർശനത്തിലെ സമാധി വിശദീകരണങ്ങൾ

### മററുപ്രസിദ്ധീകരണങ്ങൾ

വിചാര സാഗരം
ഉത്തര ഗീത
അവധൂത ഗീത
ശ്രീ ഗോപാലഗീത
വേദാന്ത സാരം
രാമഗോപാലം
ശ്രീധരം